2025 FEBRUARY
12
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അനധികൃത കുടിയേറ്റം യുഎസിന്റെ പാതയിൽ യുകെയും

## ■ അനധികൃത കുടിയേറ്റക്കാരെ രാജ്യത്തു നിന്നു നാടു കടത്തും



**ലണ്ടൻ:** അനധികൃത കുടിയേറ്റം കർശനമാക്കി അമേരിക്കയ്ക്കു പുറകേ യുകെയും. രാജ്യത്ത് അനധികൃതമായി ജോലി ചെയ്യുന്നവരെ കണ്ടെത്താൻ വ്യാപക പരിശോധന തുടങ്ങി ബ്രിട്ടൻ. രാജ്യത്തെ ഇന്ത്യൻ റസ്റ്റോറൻറുകളിലും നെയിൽ ബാറുകളിലും കാർ വാഷിങ് സെൻററുകളിലും ഗ്രോസറി സ്റ്റോറുകളിലും ഇത്തരത്തിൽ പരിശോധന നടന്നതായി റിപ്പോർട്ടുകൾ പറയുന്നു. ഇതു വരെ 828 കേന്ദ്രങ്ങളിൽ ഇമിഗ്രേഷൻ എൻഫോഴ്സസ്മെൻറ് സംഘങ്ങൾ റെയ്ഡ് നടത്തിയതായി യുകെ ആഭ്യന്തര സെക്രട്ടറി യെവെറ്റ് കൂപ്പർ വ്യക്തമാക്കി.

ഈ റെയ്ഡുകളിൽ 609 പേരെ അറസ്റ്റ് ചെയ്തതായും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് 73 ശതമാനം കൂടുതലാണെന്നും ആഭ്യന്തര സെക്രട്ടറി പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

കുടിയേറ്റ നിയമങ്ങൾ നിർബന്ധമായും പാലിക്കുകയും നടപ്പാക്കുകയും വേണം. എന്നാൽ ഇതു വരെ ഇവിടെ തൊഴിലുടമകൾ അനധികൃത കുടിയേറ്റക്കാരെ സ്വീകരിക്കുകയും പ്രത്യേക മതവിഭാഗത്തിൽപ്പെട്ട കുടിയേറ്റക്കാർ അവരെ ചൂഷണം ചെയ്യുകയും ചെയ്തു. ഇവർ മൂലം അക്രമ സംഭവങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള മാനഭംഗം, കലാപങ്ങൾ തുടങ്ങിയവ രാജ്യത്ത് വർധിച്ചു. ഇതു വരെ ശക്തമായ നടപടികളൊന്നും എടുക്കാതിരുന്നതിനാൽ നിരവധി പേർ ഇങ്ങനെ രാജ്യത്ത് വന്ന് താമസിച്ചു. ആഭ്യന്തര സെക്രട്ടറി വ്യക്തമാക്കി. കഴിഞ്ഞ മാസം നടത്തിയ പരിശോധനകളിൽ ഇമിഗ്രേഷൻ എൻഫോഴ്സ് മെൻറ് ഹംബർസൈഡിലെ ഒരു ഇന്ത്യൻ റെസ്റ്റോറൻറിൽ നിന്നു മാത്രം ഏഴു പേരെയാണ് അറസ്റ്റ് ചെയ്തത്. അനധികൃത കുടിയേറ്റക്കാരെ രാജ്യത്തു നിന്നു നാടു കടത്തുന്ന വീഡിയോയും കഴിഞ്ഞ ദിവസം യുകെ ആഭ്യന്തര വകുപ്പ് പുറത്തു വിട്ടിരുന്നു. കുടിയേറ്റ നിയമങ്ങൾ ലംഘിക്കുന്നവർക്ക് ഇത് ശക്തമായ സൂചനയാണെന്നും അധികൃതർ വ്യക്തമാക്കിയിരുന്നു.

# മാർച്ച് 1 മുതൽ സംസ്ഥാനത്ത് ഡിജിറ്റൽ ആർസി ബുക്ക്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഡിജിറ്റൽ ആർസി ബുക്കുകൾ 2025 മാർച്ച് 1 മുതൽ ലഭ്യമാകുമെന്ന് ഗതാഗത കമ്മിഷണർ സി.എച്ച്.നാഗരാജു അറിയിച്ചു. മോട്ടർ വാഹന വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായാണ് നടപടി. ആർസി ബുക്ക് പ്രിന്റ് എടുത്തു നൽകുന്നതിനു പകരമാണ് ഡിജിറ്റലായി നൽകുന്നത്. വാഹനം വാങ്ങി മണിക്കൂറുകൾക്കുള്ളിൽ റജിസ്ട്രേഷൻ പൂർത്തിയാക്കി പരിവാഹൻ വെബ്സൈറ്റിൽനിന്ന് ആർസി ബുക്ക് ഡൗൺലോഡ് ചെയ്യാൻ കഴിയും.

ഇതിനൊപ്പം, എല്ലാ വാഹന ഉടമകളും ആർസി ബുക്ക് ആധാറിൽ കൊടുത്ത മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കണമെന്നും ഗതാഗത കമ്മിഷണർ നിർദേശിച്ചു. ഉടമസ്ഥാവകാശം മാറ്റൽ, ഹൈപ്പോത്തിക്കേഷൻ മാറ്റം തുടങ്ങിയ കാര്യങ്ങൾക്ക് ഇത് ഉപയോഗപ്പെടും. ഇത്തരത്തിൽ ബന്ധപ്പെടുത്തിയില്ലെങ്കിൽ ഉടമയുടെ അനുവാദം കൂടാതെ ആർക്കു വേണമെങ്കിലും വിവരങ്ങൾ മാറ്റാൻ കഴിയും. ആധാറിൽ കൊടുത്ത മൊബൈൽ നമ്പറുമായി ബന്ധപ്പെടുത്തിയാൽ വാഹന ഉടമയ്ക്കു ലഭിക്കുന്ന ഒടിപി ഉപയോഗിച്ചു മാത്രമേ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്താൻ കഴിയുകയുള്ളൂ.

# എല്ലാ ബന്ദികളെയും വിട്ടയച്ചില്ലെങ്കിൽ ഗാസ നരകമാക്കും; വെടിനിർത്തൽ ശനിയാഴ്ച അവസാനിപ്പിക്കും

**ജറുസലേം:** ഗാസയിൽ നിന്ന് എല്ലാ ബന്ദികളെയും മോചിപ്പിക്കാൻ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ശനിയാഴ്ച വരെ സമയപരിധി നിശ്ചയിച്ചു. അല്ലാത്തപക്ഷം വീണ്ടും ആക്രമണം തുടങ്ങുമെന്നും ഇസ്രയേൽഹമാസ് വെടിനിർത്തൽ റദ്ദാക്കാൻ ആഹ്വാനം ചെയ്യുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ജനുവരി 19ന് പ്രാബല്യത്തിൽ വന്ന ആറ് ആഴ്ചത്തെ വെടിനിർത്തൽ കരാറിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി ബന്ദികളെ കൈമാറില്ലെന്ന് ഹമാസ് ഭീഷണിപ്പെടുത്തിയിരുന്നു. ഇതോടെയാണ് മധ്യപൂർവദേശ വിഷയത്തിൽ യുഎസ് പ്രസിഡന്റ് വീണ്ടും ഇടപെട്ടത്. ഹമാസിന്റെ നീക്കത്തെ ഭയാനകം എന്നാണ് ട്രംപ് വിശേഷിപ്പിച്ചത്. വെടിനിർത്തലിനു ശേഷം എന്തു ചെയ്യണമെന്ന് ഇസ്രയേൽ തീരുമാനിക്കട്ടെ എന്നും ട്രംപ് പറഞ്ഞു.

ശേഷിക്കുന്ന എല്ലാ ബന്ദികളെയും മോചിപ്പിക്കണം, നമുക്ക് അവരെയെല്ലാം തിരികെ വേണം. ഞാൻ എന്റെ കാര്യമാണ് പറയുന്നത്. ഇസ്രയേലിന് വേണ്ടത് ചെയ്യാം, പക്ഷേ എന്റെ കാര്യത്തിൽ, ശനിയാഴ്ച രാത്രി 12 മണിക്ക് അവർ ഇവിടെ ഇല്ലെങ്കിൽ, വീണ്ടും നരകം സൃഷ്ടിക്കും' ഇതായിരുന്നു ട്രംപിന്റെ വാക്കുകൾ. താൻ നിർദേശിച്ച സമയപരിധിയെക്കുറിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവുമായി സംസാരിക്കുമെന്നും ട്രംപ് പറഞ്ഞു.

# വെട്ടിക്കുറച്ച വൈദ്യുതി പുനഃസ്ഥാപിക്കണമെന്ന് യാചിച്ച് അദാനി പവറിനോട് ബംഗ്ലദേശ്



**ന്യൂഡൽഹി :** കുടിശിക അടച്ചില്ലെന്ന പേരിൽ വെട്ടിക്കുറച്ച വൈദ്യുതി വിതരണം പൂർവ സ്ഥിതിയിലാക്കാണമെന്ന് അദാനിയുടെ ഉടമസ്ഥതയിലുള്ള ഊർജ കമ്പനിക്കു ബംഗ്ലദേശിന്റെ യാചന. ”നിലവിൽ ഞങ്ങൾ പ്രതിമാസം 85 ദശലക്ഷം ഡോളർ അടയ്ക്കുന്നുണ്ട്. കൂടുതൽ പണം നൽകാൻ ശ്രമിക്കുന്നുണ്ട്. കുടിശിക ഇല്ലാതാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം” ബംഗ്ലദേശ് പവർ ഡവലപ്മെന്റ് ബോർഡ് (ബിപിഡിബി) അറിയിച്ചു. കുടിശികയുടെ പേരിൽ അദാനി പവർ മൂന്നു മാസമായി വൈദ്യുതി വിതരണം പകുതിയായി കുറച്ചിരുന്നു. 900 ദശലക്ഷം ഡോളറാണ് ബംഗ്ലദേശ് അദാനി ഗ്രൂപ്പിനു നൽകാനുള്ളത്. കഴിഞ്ഞ ഒക്ടോബർ 30ന് കുടിശിക തീർക്കാനായിരുന്നു അദാനി ബിപിഡിബിക്കു നൽകിയ നിർദേശം. എന്നാൽ കുടിശിക തീർത്തില്ല.

ഇതോടെ ഒക്ടോബർ 31ന് വൈദ്യുതി വിതരണം പകുതിയായി കുറച്ചു. പകുതി വൈദ്യുതി മതി എന്ന് ബംഗ്ലദേശ് സർക്കാരും തീരുമാനിച്ചു. എന്നാൽ അതുകൊണ്ട് വൈദ്യുതി വിതരണം പല സ്ഥലങ്ങളിലും മുടങ്ങുന്നുണ്ട്. കുടിശിക മാത്രം മാസം 85 ദശലക്ഷം ഡോളർ അദാനിക്കു നൽകുന്നുണ്ട്.



# കെ.എഫ്.ഒ.ജി : ഡോ. ഫെസി ലൂയിസ് പ്രസിഡന്റ് ഇലക്ട്



ഡോ. ഫെസി ലൂയിസ്, ഡോ.ബിജു പിള്ള

**കൊച്ചി:** കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി) അസോസിയേഷന്റെ 2026 വർഷത്തെ പ്രസിഡന്റ(ഇലക്ട്) ആയി ഡോ. ഫെസി ലൂയിസ്നേയും വൈസ് പ്രസിഡന്റ്(ഇലക്ട്) ആയി ഡോക്ടർ ബിജു പിള്ളയെയും തിരഞ്ഞെടുത്തു. സെക്ര'റിയായി ഡോ. സുഭാഷ് മല്യ തുടരും. 47ാമത് ഓൾ കേരള ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിലായിരുന്നു തിരഞ്ഞെടുപ്പ് നടത്. കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയസിലെ അമൃത ഫെർട്ടിലിറ്റി സെന്ററിലെ പ്രൊഫസറും എച്ച്ഒഡിയുമാണ് ഡോ. ഫെസി ലൂയിസ്.



# മാക്ക് ഗ്രൂപ്പ് ഓൾ കേരള കിഡ്സ് അത്‌ലറ്റിക്സ് മീറ്റ് നടത്തി

**കൊച്ചി:** കായിക പ്രേമികളുടെ കൂട്ടായ്മയായ മാക്ക് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മഹാരാജാസ് ഗ്രൗണ്ടിൽ നടത്തിയ ഓൾ കേരള കിഡ്സ് അത്‌ലറ്റിക് മീറ്റിന്റെ ഉദ്ഘാടനം ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് എ എൻ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ.വിനോദ് പത്മനാഭൻ അധ്യക്ഷനായ യോഗത്തിൽ ജനസേവ ചെയർമാൻ ജോസ് മാവേലി മുഖ്യാതിഥിയായിരുന്നു. പി എ വർഗീസ്, വി ടി അശോകൻ, സജിമോൻ, സുനിൽ കുമാർ, ജൂലിയസ്, ഷേണി ഗിരീഷ്, ആൻഡ്രൂസ്, ആന്റണി, വർഗീസ് ലോറൻസ്, സിജോ ജോർജ്, ഡോ.സാഗർ, ഷാജി എന്നിവർ പ്രസംഗിച്ചു. കേരളത്തിലെ മൂന്നു സിലബസിലെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ച് മാക് ഗ്രൂപ്പ് രണ്ടാമതായി സംഘടിപ്പിച്ച കിഡ്സ് അത്‌ലറ്റിക് മീറ്റിൽ അമ്പതിൽപരം അക്കാദമി, സ്കൂളുകളിൽ നിന്നായി 12, 10, 8 വയസ്സിൽ താഴെയുള്ള വിഭാഗങ്ങളിൽ ആയിരത്തോളം പേർ പങ്കെടുത്തു. ലഹരി വിരുദ്ധ പരിപാടികൾ നടത്തി മോചനത്തിന് ശ്രമിക്കുന്നതിന്റ ഇരട്ടി പ്രതിഫലം ഇതുപോലെയുള്ള കായിക മത്സരങ്ങൾ സംഘടിപ്പിച്ചാൽ ലഭിക്കുമെന്ന ആശയ പ്രചാരണം ലക്ഷ്യമാക്കിയാണ് കായിക പ്രേമികളുടെ കൂട്ടായ്മയായ മാക്ക് ഗ്രൂപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നത്.

# കലൂർ പള്ളിയിൽ വിശുദ്ധ അന്തോണീസിന്റെ തിരുനാൾ ഇന്നു മുതൽ 20 വരെ

**കൊച്ചി:** കലൂർ സെന്റ് ആന്റണീസ് പള്ളിയിൽ വിശുദ്ധ അന്തോണീസിന്റെ അഴുകാത്ത നാവിന്റ തിരുനാൾ നവനാൾ നൊവേന ഫെബ്രുവരി 12 ബുധനാഴ്ച തുടങ്ങി 20 വ്യാഴാഴ്ച അവസാനിക്കുന്നു. 12 മുതൽ 20 വരെ എല്ലാദിവസവും രാവിലെ 10 45 ന് മലയാളത്തിലും വൈകുന്നേരം 6 30 ന് ഇംഗ്ലീഷിലും ദിവ്യബലിക്കും, നൊവേനക്കും, ആരാധനയ്ക്കും യഥാക്രമം ഫാ. നിവിൻ നിക്സൺ പുതുക്കട, ഫാ.ഷെൽബിൻ വാരിയത്ത്, ഫാ.ഇമ്മാനുവൽ പനക്കൽ, ഫാ. സിനു ചമ്മിണി, ഫാ. നോർബിൻ പഴമ്പിള്ളി, ഫാ.ബിനോയ് പിച്ചളക്കാട്ട്, ഫാ.സെബാസ്റ്റ്യൻ കറുകപ്പിള്ളി, ഫാ. ജോർജ് സെക്വേര, ഫാ.മിഥുൻ ചെമ്മായത്ത്, ഫാ.ജിഫിൻ, ഫാ.അനിൽ ആന്റണി തെരുവിൽ, ഫാ.നിബിൻ കുര്യാക്കോസ് പാപ്പാളിപ്പറമ്പിൽ, ഫാ.ആന്റണി കരിപ്പാട്ട്, ഫാ. ജിക്സൻ ജോണി ചേരിയിൽ, ഫാ. ആന്റണി ബിബു കാടംപറമ്പിൽ, ഫാ. ബിജോയ് മരോട്ടിക്കപറമ്പിൽ, ഫാ.ഡെസ്‌ലിൻ ചേലാട്ട്, ഫാ.ജോൺ ക്രിസ്റ്റഫർ വടശ്ശേരി എന്നിവർ മുഖ്യകാർമ്മികത്വം വഹിക്കും. തിരുനാൾ ആരംഭിക്കുന്ന 21ആം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5 30ന് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ കൊടികയറ്റത്തിനും, ദിവ്യബലിക്കും, നൊവേനക്കും മുഖ്യകാർമികത്വം വഹിക്കും. ഫാ.യേശുദാസ് ആശാരിപറമ്പിൽ വചനപ്രഘോഷണം നടത്തും. ഇരുപത്തിരണ്ടാം തീയതി ശനിയാഴ്ച വൈകുന്നേരം 5.30ന് വല്ലാർപാടം സെന്റ് മേരിസ് ബസിലിക്ക റെക്ടർ ഫാ.ജെറോം ചമ്മിണികോടത്ത് മുഖ്യകാർമികനും ഫാ.ആന്റണി റാഫേൽ കൊമരൻചാത്ത് വചനപ്രഘോഷകനും ആയിരിക്കും. തിരുനാൾ സമാപനദിവസമായ ഇരുപത്തിമൂന്നാം തീയതി ഞായറാഴ്ച രാവിലെ ഏഴുമണിക്ക് തിരുനാൾ ദിവ്യബലിക്ക് റെക്ടർ ഫാ.പോൾസൺ സിമേതി മുഖ്യകാർമികത്വം വഹിക്കും.



എളമക്കര ശ്രീമദ് ദത്താത്രേയ ക്ഷേത്രത്തിലെ ആറാട്ട് മഹോത്സവത്തോടനുബന്ധിച്ച് ഇന്നലെ നടന്ന പകൽപ്പൂരം

# സെമി ഹൈസ്പീഡ് റെയിൽ: തുടർനടപടി കേന്ദ്രവുമായി ചർച്ച നടത്തിയ ശേഷം

**തിരുവനന്തപുരം:** തിരുവനന്തപുരം ,കണ്ണൂർ പുതിയ വേഗപാതാ പദ്ധതി സംബന്ധിച്ച തുടർനടപടികൾ സംസ്ഥാനം കേന്ദ്രവുമായി നടത്തുന്ന പ്രാഥമിക ചർച്ചകൾക്കു ശേഷമുണ്ടാകുമെന്നു സൂചന. സംസ്ഥാന സർക്കാർ പദ്ധതി ശുപാർശ തയാറാക്കി റെയിൽവേ ബോർഡിലേക്ക് അയയ്ക്കുകയാണ് അടുത്ത പടി.

പുതിയ വേഗപാതയുടെ അലൈൻമെന്റ് പല സ്ഥലങ്ങളിലും പഴയ ഹൈസ്പീഡ്, സിൽവർലൈൻ പദ്ധതികളുടെ അലൈൻമെന്റിനു സമീപത്തു കൂടിയാകും. സിൽവർ ലൈൻ പാത തറനിരപ്പിലായതാണു പ്രതിഷേധം വിളിച്ചുവരുത്തിയത്. സിൽവർലൈനും പുതിയ വേഗപാതാ പദ്ധതിയും തമ്മിലുള്ള പ്രധാന വ്യത്യാസം ഭൂമിയേറ്റെടുക്കൽ കുറയും എന്നതാണ്. വേഗപാത തൂണുകളിലൂടെയും തുരങ്കങ്ങളിലൂടെയും നിർമിക്കാനാണു നിർദേശിച്ചിരിക്കുന്നത്. നിർമാണസമയത്ത് 20 മീറ്റർ വീതിയിൽ ഭൂമി ആവശ്യമാണെങ്കിലും പിന്നീട് ഭൂമി ഉടമകൾക്കു ലീസിനു തിരികെ നൽകാം. തൂണുകൾക്കിടയിൽ മരങ്ങൾ നടാനോ കെട്ടിടങ്ങൾ നിർമിക്കാനോ കഴിയില്ല. അതേസമയം കൃഷിക്കു തടസ്സമുണ്ടാകില്ല.

# ഇടുക്കി ജലവൈദ്യുത പദ്ധതിക്ക് 49 വയസ്

**ഇടുക്കി:** മനുഷ്യനിർമിത വിസ്മയമായ ഇടുക്കി ജലവൈദ്യുത പദ്ധതിക്ക് 49 വയസ്. ഏഷ്യയിലെ ആദ്യത്തെ ആർച്ച് ഡാം ഉയരത്തിൽ ഇന്ത്യയിലെ രണ്ടാമത്തേതും ലോകത്ത്

363ാമത്തേതുമാണ്. സംസ്ഥാനത്തെ ഏറ്റവും നീളം കൂടിയായ നദിയായ പെരിയാറ്റിലാണ് ഇടുക്കി അണക്കെട്ട് നിർമിച്ചിരിക്കുന്നത്.



1961ലാണ് പദ്ധതിയുടെ രൂപകല്പന തയാറാക്കിയത്. 1966ൽ കൊളംബോ പദ്ധതി പ്രകാരം ഇടുക്കി പദ്ധതിക്ക് കാനഡ നിർമാണസഹായം വാഗ്ദാനം ചെയ്തു. 1967ൽ ഇത് സംബന്ധിച്ചുള്ള കരാറിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു. പദ്ധതി വിഭാവനം ചെയ്തപ്പോൾ സി. അച്യുതമേനോനായിരുന്നു മുഖ്യമന്ത്രി. 1969 ഏപ്രിൽ 30ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് നിർമാണോദ്ഘാടനം നടത്തി.

ഏഴുവർഷം കൊണ്ട് പൂർത്തിയാക്കി 1976 ഫെബ്രുവരി 12ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പദ്ധതി നാടിന് സമർപ്പിച്ചു. ഇടുക്കി, ചെറുതോണി, കുളമാവ് അണക്കെട്ടുകളടങ്ങുന്ന ഒന്നാംഘട്ടം 110 കോടി ചെലവഴിച്ചാണ് പൂർത്തിയാക്കിയത്.

839 മീറ്റർ ഉയരമുള്ള കുറവൻ മലയേയും 925 മീറ്റർ ഉയരമുള്ള കുറത്തി മലയേയും കൂട്ടിയിണക്കി 555 മീറ്റർ ഉയരത്തിലാണ് ഇടുക്കി ആർച്ച് ഡാം നിർമിച്ചത്. ഇതോടൊപ്പം കുറവൻതേൻമുടി മലകളെ ബന്ധിപ്പിച്ച് ചെറുതോണി അണക്കെട്ടും കിളിവള്ളിയാറിന് കുറുകെ കുളമാവ് അണക്കെട്ടും നിർമിച്ചു. 780 മെഗാവാട്ട് വൈദ്യുതിയാണ് പദ്ധതിയിൽനിന്ന് ഉത്പാദിപ്പിക്കുന്നത്.

അണക്കെട്ട് നിർമാണത്തിൻറെ കരാർ ഏറ്റെടുത്തത് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയായിരുന്നു. പ്രതിദിനം 15,000 തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത്. ഇവരിലേറെയും അന്യസംസ്ഥാനങ്ങളിൽനിന്നുള്ളവരാ!യിരുന്നു. നിർമാണത്തിനിടയിൽ 150ലേറെ തൊഴിലാളികൾ മരിക്കുകയും ചെയ്തു. ഇവരിലേറെയും അന്യ സംസ്ഥാനക്കാരുമായിരുന്നു.

1919ൽ ഇറ്റലിക്കാരനായ എൻജിനിയറാണ് ഇവിടെ വലിയ അണക്കെട്ടിനുള്ള സാധ്യതയെക്കുറിച്ച് അന്നത്തെ തിരുവിതാംകൂർ സർക്കാരിനെ അറിയിച്ചത്. തുടർന്ന് 1922ൽ ഇടുക്കി കാടുകളിൽ വരയാടിനെ വേട്ടയാടാൻ എത്തിയ മലങ്കര എസ്റ്റേറ്റ് സൂപ്രണ്ട് ഡബ്ല്യു. ജെ. ജോണിന് വഴികാട്ടിയായത് കരുവെള്ളയാൻ കൊലുമ്പൻ എന്ന ആദിവാസി ഗോത്രത്തലവനായിരുന്നു. സൂപ്രണ്ടിന് വഴികാട്ടുന്നതിനിടയിൽ കരുവെള്ളയാൻ കൊലുമ്പൻ മാനംമുട്ടി നിൽക്കുന്ന കരിമ്പാറ മലകൾക്കിടയിലൂടെ കുതിച്ചുപായുന്ന പെരിയാറിനെ അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. അങ്ങനെയാണ് ഇടുക്കി പദ്ധതിയെന്ന ആശയം ഉടലെടുത്തത്. 1985ലാണ് പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിച്ചത്.

ഇടുക്കി പദ്ധതിയിൽനിന്നുള്ള വെള്ളം മൂലമറ്റത്തെ ഭൂഗർഭ വൈദ്യുതി നിലയത്തിലെത്തിച്ചാണ് വൈദ്യുതോത്പാദനം നടത്തുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ ഭൂഗർഭ വൈദ്യുതി നിലയം മറ്റൊരു അദ്ഭുതമാണ്. കനേഡിയൻ കമ്പനിയായിരുന്നു പവർ ഹൗസിൻറെ നിർമാണത്തിന് മേൽനോട്ടം വഹിച്ചത്.

അതീവ സുരക്ഷാ മേഖലയായ ഇടുക്കി പദ്ധതിയുടെ ഭാഗമായ അണക്കെട്ടുകൾ സന്ദർശിക്കാൻ ഇപ്പോൾ പൊതുജനങ്ങൾക്ക് അവസരമുണ്ട്. എന്നാൽ ഇടക്കാലത്തുണ്ടായ സുരക്ഷാ വീഴ്ചയെത്തുടർന്ന് മാസങ്ങളോളം സന്ദർശനം നിർത്തി വച്ചിരുന്നു. ഇപ്പോൾ സന്ദർശനത്തിന് അനുമതിയുണ്ട്.



# വിവരാവകാശ കമ്മീഷണറുടെ സിറ്റിംഗ്: കെഎസ്ആർടിസിക്ക് കാരണം കാണിക്കൽ നോട്ടീസ്

**പത്തനംതിട്ട:** വിവരാവകാശ നിയമത്തിന്റെ നടപടിക്രമം പാലിക്കാത്തതിനാൽ കെഎസ്ആർടിസി പത്തനംതിട്ട ഡിപ്പോ ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകാൻ വിവരാവകാശ കമ്മിഷണർ ഡോ. എ അബ്ദുൾ ഹക്കിമിന്റെ ഉത്തരവ്. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന സിറ്റിംഗിൽ ആണ് നടപടി.

വിവരാവകാശ മറുപടിക്ക് എട്ടുമാസം 10 ദിവസം വൈകിയതിനാൽ കോന്നി താലൂക്ക് ഓഫീസ് വിവരാധികാരിയോട് വിശദീകരണം തേടാനും കമ്മിഷൻ തീരുമാനിച്ചു. ജില്ലയിലെ രണ്ടാം അപ്പീലുകളിലെ  തെളിവെടുപ്പിലാണ് കാരണം കാണിക്കൽ നടപടിയിലേക്ക് കടന്നത്.

ചിറ്റാർ, റാന്നിപെരുനാട് അതിർത്തി പങ്കിടുന്ന പുതുക്കട ചിറ്റാർ റോഡിൽ മണക്കയം പാലത്തിന് പരിസരത്തുള്ള പുറമ്പോക്ക് സ്വകാര്യ വ്യക്തികൾ കൈയേറിയ പരാതിയിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, എൽ ആർ ഡെപ്യൂട്ടി കലക്ടർ, റാന്നി , കോന്നി തഹസിൽദാർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി,  ചിറ്റാർ, റാന്നിപെരുനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ എന്നിവരിൽ നിന്നും ഫെബ്രുവരി 28 നകം റിപ്പോർട്ട് സമർപ്പിക്കാനും നിർദേശം നൽകി.

സർക്കാർ ഓഫീസിന്റെ വിഭവവും ഉദ്യോഗസ്ഥരുടെ മാനവശേഷിയും ദുരുപയോഗം ചെയ്യുന്ന ഹർജിക്കാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്ന കാര്യം കമ്മിഷൻ പരിഗണിക്കും. ജില്ലയിൽ നടന്ന ഹിയറിംഗിൽ ഇത്തരം രണ്ട് അപേക്ഷകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ദേശീയ ഹരിതസേന ഗ്രീൻ സ്കൂൾ അവാർഡ് വിതരണം ചെയ്തു

**മലപ്പുറം:** വിദ്യാർത്ഥികളെ  പങ്കാളികളാക്കി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ ജില്ലയിലെ സ്കൂളുകൾക്ക് ദേശീയ ഹരിത സേനയുടെ ഗ്രീൻ സ്കൂൾ അവാർഡുകൾ വിതരണം ചെയ്തു. കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം, കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ നേതൃത്വത്തിലുള്ള സ്കൂൾ എക്കോ ക്ലബ്ബ് പ്രസ്ഥാനമായ ദേശീയ ഹരിത സേനയിലെ മികച്ച ആറ് വിദ്യാലയങ്ങൾക്കാണ് അവാർഡ്.

സ്കൂളിനെ മികവുറ്റതാക്കാൻ വേണ്ടി പ്രവർത്തിച്ച സ്കൂൾ ഹരിതസേന കോഡിനേറ്റർമാരായ അധ്യാപകർക്കാണ് അംഗീകാരം. ഹരിതവൽക്കരണം , മാലിന്യ നിയന്ത്രണം, അടുക്കളത്തോട്ടം, പ്ലാസ്റ്റിക് റീസൈക്ലിംഗ് , ക്യാമ്പസ് സൗന്ദര്യവൽക്കരണം, പരിസ്ഥിതി വിദ്യാഭ്യാസ ക്യാമ്പുകൾ, ഗ്രാമീണ ഹരിത ബോധവൽക്കരണം, ജലവിഭവ മാനേജ്മെന്റ്, ഊർജ്ജ സംരക്ഷണം, ബദൽ ഉൽപന്ന പ്രചാരണം തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച സ്കൂളുകളാണ് അവാർഡിന് അർഹമായത്.

മലപ്പുറം കലക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ വി.ആർ. വിനോദ് അവാർഡുകൾ വിതരണം ചെയ്തു. ദേശീയ ഹരിത സേന ജില്ലാ കോഡിനേറ്റർ ഒ. ഹാമിദലി  അധ്യക്ഷത വഹിച്ചു. മുഥുൻ മോഹൻ മുഖ്യ പ്രഭാഷണം നടത്തി. കോർഡിനേറ്റർമാരായ എ അബ്ദുറഹ്മാൻ,  പി സാബിർ എന്നിവർ സംസാരിച്ചു.

# അടിയന്തര പ്രതികരണ സംഘങ്ങൾക്കുള്ള പരിശീലനത്തിന് തുടക്കമായി

**മലപ്പുറം:**  തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ പ്രവർത്തിക്കുന്ന അടിയന്തര പ്രതികരണ സംഘങ്ങൾക്കുള്ള (ഇ ആർ എസ്) പരിശീലന പരിപാടിക്ക് ജില്ലയിൽ തുടക്കമായി. മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളിലെയും മലപ്പുറം, മഞ്ചേരി നഗരസഭകളിലെയും സംഘങ്ങളിലെ വോളണ്ടിയർമാർക്കാണ് ആദ്യം പരിശീലനം നൽകിയത്. പരിപാടിയുടെ ഉദ്ഘാടനം മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ ജില്ലാ കളക്ടർ വി ആർ വിനോദ് ഉദ്ഘാടനം ചെയ്തു.

ദുരന്ത നിവാരണത്തിൽ പരിശീലനം ലഭിച്ചവരുണ്ടെങ്കിൽ പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ കഴിയുമെന്ന് കളക്ടർ പറഞ്ഞു. മുഴുവൻ പഞ്ചായത്തുകളിലും പരിശീലനം സിദ്ധിച്ച സംഘത്തെ തയ്യാറാക്കണം. അവർക്ക് പ്രത്യേകം പരിശീലനം നൽകണമെന്നും കളക്ടർ പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കാരാട്ട് അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർ എസ് എസ് സരിൻ, എൽഎസ്ജിഡി ജോയന്റ് ഡയറക്ടർ വികെ മുരളി, അസി. ഡയറക്ടർ കെ എ അബ്ദുൽ ഗഫൂർ, ബ്ലോക് പഞ്ചായത്ത് സെക്രട്ടറി കെഎം സുജാത, ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ ഇകെ അബ്ദുൽ സലീം എന്നിവർ പങ്കെടുത്തു.



# ചൂട് കൂടുന്നു; ജാഗ്രത പാലിക്കാൻ നിർദ്ദേശം

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചു.
ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ  ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. അതുകൊണ്ട് പൊതുജനങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

■ പകൽ 11 മുതൽ മൂന്നു വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

■ പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക.

■ നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.

■ അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

■ പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

■ പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ORS ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

■ മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണനിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.

■ ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിൻറെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കേണ്ടതും ക്ളാസ്മുറികളിൽ വായു സഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

■ വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മാ മുതൽ 3 ്വാ വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

■ അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

■ കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

■ ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും ആവശ്യമെങ്കിൽ യാത്രയ്ക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

■ മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകി നിർജലീകരണം തടയാൻ സഹായിക്കുക.

■ പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11  മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.

■ യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. കയ്യിൽ വെള്ളം കരുതുക.

■ നിർമാണത്തൊഴിലാളികൾ,  കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

■ ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക.

■ കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

■ ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം  തടയാൻ എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കുടിവെള്ളം കയ്യിൽ കരുതുക.

■ അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

■ കാലാവസ്ഥാ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.

# വിദേശ തൊഴിൽ വായ്പാ പദ്ധതി

**പത്തനംതിട്ട:** പട്ടികജാതിപട്ടികവർഗവികസന കോർപ്പറേഷനും പട്ടികജാതി വികസന വകുപ്പും നടപ്പാക്കുന്ന വിദേശ തൊഴിൽപദ്ധതിയിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഏതെങ്കിലും വിദേശ രാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ നൽകുന്നതിനു ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം. നോർക്ക റൂട്ട്സ്, ഒഡേപെക് എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് മുൻഗണന.

അപേക്ഷകർ 18 നും 55 നും മധ്യേ പ്രായമുള്ളവരാകണം. കുടുംബ വാർഷിക വരുമാനം 3,50,000 രൂപ അധികരിക്കരുത്. പദ്ധതിയുടെ പരമാവധി വായ്പാ തുക രണ്ടു ലക്ഷം രൂപ. അതിൽ ഒരു ലക്ഷം രൂപ വരെ അർഹരായവർക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിച്ച തുകയിൽ നിന്നും സബ്സിഡിയായി അനുവദിക്കും. 50 വയസ് കവിയാത്തവരും രണ്ടര ലക്ഷം രൂപയ്ക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രം സബ്സിഡി അർഹത.

വായ്പയുടെ പലിശനിരക്ക് ആറു ശതമാനവും തിരിച്ചടവ് കാലയളവ് മൂന്നു വർഷവുമാണ്. അപേക്ഷകർക്ക് വിദേശത്ത് തൊഴിൽ ചെയ്യുന്നതിനുള്ള വർക്ക് എഗ്രിമെന്റ്, വിസ, പാസ്പോർട്ട്, എമിഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിരിക്കണം. താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷാഫോമിനും വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടണം.

# വിദേശത്ത് സ്റ്റാഫ്നഴ്സാകാം

**പത്തനംതിട്ട:** യുണൈറ്റഡ് അറബ് എമിറേറ്റ്സിലെ (യു.എ.ഇ) അബുദാബി കേന്ദ്രമായി പ്രവർത്തിക്കുന്ന ആരോഗ്യസേവനമേഖലയിലെ സ്വകാര്യസ്ഥാപനത്തിലേക്ക് 100 ലധികം പുരുഷ സ്റ്റാഫ് നഴ്സ് ഒഴിവുകളിൽ നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന റിക്രൂട്ട്മെന്റിലേക്ക് അപേക്ഷിക്കാം. യോഗ്യത ബി.എസ്.സി നഴ്സിങ്, പോസ്റ്റ് ബി.എസ്.സി വിദ്യാഭ്യാസയോഗ്യതയും എമർജൻസി/കാഷ്വാലിറ്റി അല്ലെങ്കിൽ ഐ.സി.യു സ്പെഷ്യാലിറ്റിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. ബി.എൽ.എസ് (ബേസിക് ലൈഫ് സപ്പോർട്ട്), എ.സി.എൽ.എസ് (അഡ്വാൻസ്ഡ് കാർഡിയോവാസ്കുലർ ലൈഫ് സപ്പോർട്ട്), മെഡിക്കൽ നഴ്സിങ് പ്രാക്ടിസിംഗ് യോഗ്യതയും വേണം. വിശദമായ സിവി, വിദ്യാഭ്യാസം, പ്രവൃത്തിപരിചയം, പാസ്പോർട്ട് എന്നിവയുടെ പകർപ്പുകൾ സഹിതം ഫെബ്രുവരി 18 നകം അപേക്ഷിക്കണം. വെബ്സൈറ്റ്: www.norkaroots.org www.nifl.norkaroots.org

അബുദാബി ആരോഗ്യ വകുപ്പിന്റെ (ഡിഒഎച്ച്) മെഡിക്കൽ പ്രാക്ടിസിംഗ് ലൈസൻസ് (രജിസ്ട്രേഡ് നഴ്സ്) ഉള്ളവർക്ക് മുൻഗണന. അല്ലാത്തവർ നിയമന ഉത്തരവ് ലഭിച്ച് 90 ദിവസത്തിനകം യോഗ്യത നേടണം.

അബൂദാബിയിലെ വിവിധ മെയിൻലാൻഡ് ക്ലിനിക്കുകൾ (ആഴ്ചയിൽ ഒരു ദിവസം അവധി) ഇൻഡസ്ട്രിയൽ റിമോട്ട് സൈറ്റ്, ഓൺഷോർ (മരുഭൂമി) പ്രദേശം, ഓഫ്ഷോർ, ബാർജ്/ദ്വീപുകളിലെ ക്ലിനിക്കുകളിൽ (ജലാശയത്തിലുള്ള പ്രദേശങ്ങൾ) സൈക്കിൾ റോട്ടേഷൻ വ്യവസ്ഥയിൽ പരമാവധി 120 ദിവസം വരെ ജോലിയും 28 ദിവസത്തെ അവധിയും ലഭിക്കും. 5,000 ദിർഹം ശമ്പളവും, ഷെയേഡ് ബാച്ചിലർ താമസം, സൗജന്യഭക്ഷണം അല്ലെങ്കിൽ പാചകംചെയ്യുന്നതിനുള്ള സൗകര്യം, ആരോഗ്യ ഇൻഷുറൻസ്, അവധി ആനുകൂല്യങ്ങൾ, രണ്ടു വർഷത്തിലൊരിക്കൽ നാട്ടിലേക്കുള്ള വിമാനടിക്കറ്റ് ആനുകൂല്യങ്ങൾ എന്നിവയും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ലഭിക്കും. ഫോൺ: 04712770536, 539, 540, 577.

# കുടുംബശ്രീയിൽ കമ്മ്യൂണിറ്റി കൗൺസലർമാരാകാം

**ആലപ്പുഴ:** കുടുംബശ്രീ ജില്ലാമിഷന്റെ കീഴിലെ സിഡിഎസ്സുകളിലേക്ക് കമ്മ്യൂണിറ്റി കൗൺസലർമാരെ തെരഞ്ഞെടുക്കുന്നു. യോഗ്യത ബിരുദം (സോഷ്യോളജി, സോഷ്യൽവർക്ക്, സൈക്കോളജി). ബിരുദാനന്തര ബിരുദം ഉള്ളവർക്ക് മുൻഗണന. 20 നും 45 നും ഇടയിൽ പ്രായമുള്ള ജില്ലയിലെ സ്ഥിരതാമസക്കാരായ കുടുംബശ്രീ, ഓക്സലറി ഗ്രൂപ്പ് അംഗങ്ങളായ വനിതകൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റ് പകർപ്പ് എന്നിവ സഹിതം ഫെബ്രുവരി 13 ന് വൈകിട്ട് അഞ്ചിന് മുമ്പായി ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ, വലിയകുളം ജംങ്ഷൻ, ആലപ്പുഴ 688001 എന്ന വിലാസത്തിലേക്ക് അയക്കുകയോ നേരിട്ടെത്തിക്കുകയോ വേണം. കമ്മ്യൂണിറ്റി കൗൺസലർക്ക് മാസത്തിൽ 16 പ്രവൃത്തി ദിവസങ്ങൾക്ക് പരമാവധി 12000 രൂപ ഹോണറേറിയം അനുവദിക്കും.

## സിഡിറ്റിൽ മാധ്യമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സംസ്ഥാനസർക്കാർ സ്ഥാപനമായ സിഡിറ്റ് തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ ആരംഭിച്ച ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ ഡിപ്ലോമ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. മീഡിയ പ്രൊഡക്ഷൻ, ഫിലിം ടെലിവിഷൻ പ്രൊഡക്ഷൻ, ഗ്രാഫിക്/അനിമേഷൻ, സോഷ്യൽ മീഡിയ കണ്ടന്റ് ക്രിയേഷൻ ആൻഡ് പ്രൊഡക്ഷൻ മേഖലകളിൽ ജോലി സാധ്യതകളുള്ള കോഴ്സിന് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടു ആണ്. ആറു മാസമാണ് കോഴ്സ് ദൈർഘ്യം.
തെരഞ്ഞെടുക്കപ്പെട്ട വിഭാഗത്തിലെ വിദ്യാർഥികൾക്ക് കെഡിസ്കിന് കീഴിൽ വരുന്ന കേരള നോളഡ്ജ് ഇക്കോണമി മിഷൻ പ്രൊജക്ടിൽ ഉൾപ്പെടുത്തി സ്കോളർഷിപ് ലഭിക്കും. ഫോൺ: 8547720167.



# ഉദ്ഘാടനത്തിനൊരുങ്ങി മലയോര ഹൈവേ

## 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

**കോഴിക്കോട്:** ജില്ലയിൽ മലയോര ഹൈവേയുടെ പ്രവൃത്തി പൂർത്തീകരിച്ച ആദ്യ റീച്ച്തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരികക്കാടം പൊയിൽ റോഡ് ഉദ്ഘാടനം ഫെബ്രുവരി 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകീട്ട് മൂന്ന് മണിക്ക് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കന്ററി സ്കൂൾ മൈതാനിയിലാണ് പരിപാടി.

കുടിയേറ്റ മേഖലയിലെ കർഷക ജനതയുടെ യാത്രാ ദുരിതത്തിന് വിരാമമാവുന്നതോടൊപ്പം മലയോര ഹൈവേ വലിയ വികസന മുന്നേറ്റം കൂടിയാണുണ്ടാക്കിയിരിക്കുന്നത്. 2016 ൽ അധികാരത്തിൽ വന്ന സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായിരുന്നു മലയോര ഹൈവേ. ആദ്യ ഘട്ടത്തിൽ കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. പിന്നീട് വാളാർ മുതൽ കക്കാടം പൊയിൽ വരെയുള്ള ഭാഗത്തെ ലൂപ് റോഡായി അംഗീകരിക്കുകയും 2020 ൽ ജോർജ് എം തോമസ് എംഎൽഎ ആയിരുന്ന സമയം റീച്ചിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

മലയോര ഹൈവേയുടെ നിർമാണ ചുമതല ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കായിരുന്നു. തിരുവമ്പാടി മണ്ഡലത്തിലൂടെ മലയോര ഹൈവേയുടെ 3 റീച്ചുകൾ കടന്നുപോകുന്നുണ്ട്. അതിൽ ഏറ്റവും ദൈർഖ്യം കൂടിയ റീച്ചും ഇതാണ്.

അനുബന്ധ റോഡ് അടക്കം 221 കോടി രൂപ ചെലവഴിക്കുന്ന, 34.3 കി.മീ ദൂരമുള്ള റീച്ചിന് 12 മീറ്റർ വീതിയാണുള്ളത്. പാതയുടെ ഇരുവശത്തും ഓടകളും ഭൂഗർഭ കേബിളുകളും പൈപ്പുകളും കടന്നു പോകുന്നതിനുള്ള സംവിധാനങ്ങളും സൗരോർജ്ജ വിളക്കുകളും സിഗ്നൽ ലൈറ്റുകളും ഒരുക്കിയിട്ടുണ്ട്. പ്രധാന കവലകളിൽ കോൺക്രീറ്റ് കട്ടകൾ പാകിയ നടപ്പാതകൾ, ബസ് സ്റ്റോപ്പുകൾ, കൈവരികൾ എന്നിവയമുണ്ട്. കൂമ്പാറയിലെയും കൂടരഞ്ഞി വീട്ടിപ്പാറയിലെയും രണ്ട് പാലങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നു.

കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന റോഡ് നിർദിഷ്ട ആനക്കാംപൊയിൽകള്ളാടി തുരങ്ക പാതയിലേക്ക് എത്തുന്ന തിരുവമ്പാടി മറിപ്പുഴ റോഡുമായും ചേരുന്നു.

ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെ അത്യാധുനിക നിലവാരത്തിലുള്ള മനോഹര പാത സാധ്യമാക്കിയതിൽ ഒട്ടേറെ ഘടകങ്ങൾ പങ്കു വഹിച്ചതായി സ്ഥലം എംഎൽഎ ലിന്റോ ജോസഫ് പറഞ്ഞു. 'സംസ്ഥാന സർക്കാർ, കിഫ്ബി, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ നിർലോഭമായ സഹായവും സഹകരണവും എടുത്തു പറയണം. മലയോര ഹൈവേയുടെ വരവോട് കൂടി തിരുവമ്പാടി മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിലും വലിയ നേട്ടമാണുണ്ടാകുന്നത്,' എംഎൽഎ പറഞ്ഞു.

പൂർണമായും ജനങ്ങൾ സൗജന്യമായി വിട്ടു നൽകിയ പ്രദേശത്തു കൂടിയാണ് ഹൈവേ കടന്നു പോകുന്നത്. എംഎൽഎയുടെയും പ്രാദേശികമായുണ്ടാക്കിയ കമ്മറ്റികളുടെയും ഇടപെടലിലൂടെയാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. സ്ഥലം വിട്ടു നൽകിയവർക്ക് സംരക്ഷണ ഭിത്തി നിർമിച്ചു നൽകുകയും ചെയ്തു.

മലയോര ജനതയുടെ ജീവനാഡിയായ ഹൈവേ ടൂറിസത്തിനും മലയോര ഹൈവേ വലിയ സാധ്യതകളാണ് തുറന്നിരിക്കുന്നത്.

വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യങ്ങളും ഇവിടെ ഒരുങ്ങുന്നു.

# കുടുംബശ്രീ ജില്ലാ മിഷൻ ജില്ലാതല ക്രൈം മാപ്പിംഗ് കോൺക്ലേവ് സംഘടിപ്പിച്ചു

**മലപ്പുറം:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജെൻഡർ ആൻഡ് ഡെവലപ്മെന്റ് പ്രോഗ്രാം അടിസ്ഥാനമാക്കി ജില്ലാതല ക്രൈം മാപ്പിംഗ് കോൺക്ലേവ് സംഘടിപ്പിച്ചു. ജില്ലാ ആസൂത്രണ സമിതിഹാളിൽ നടന്ന പരിപാടി ജില്ലാ കളക്ടർ വി.ആർ. വിനോദ് ഉദ്ഘാടനം ചെയ്തു. ഈ കാലഘട്ടത്തിലും ഭൂരിപക്ഷം സ്ത്രീകളും അവർ നേരിടുന്ന അതിക്രമങ്ങളെക്കുറിച്ചു ശരിയായ ധാരണയില്ലാത്തവരാണെന്നും അവ കൃത്യമായി മനസിലാക്കി അവബോധം വളർത്തുന്നതിനും സ്ത്രീ സൗഹൃദ പരമായ സമൂഹം വളർത്തിയെടുക്കുന്നതിനുമാണ് ഓരോ പഞ്ചായത്തിലും ക്രൈം മാപ്പിങ് നടത്തുന്നതെന്നും ജില്ലാ കലക്ടർ പറഞ്ഞു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ബി. സുരേഷ് കുമാർ അധ്യക്ഷനായി. കാലടി, കുറുവ, വേങ്ങര, പോരൂർ, കുഴിമണ്ണ , കോഡൂർ പഞ്ചായത്തുകളാണ് ക്രൈം മാപ്പിങ് കോൺക്ലേവിൽ റിപ്പോർട്ട് അവതരിപ്പിച്ചത്. കില റിസോഴ്സ് പേഴ്സനും കെ.എസ്.എസ്.പി സംസ്ഥാന കമ്മറ്റി അംഗവുമായ ഇ.വിലാസിനി മോഡറേറ്ററായി. കില റിസോഴ്സ് അംഗം ബീന സണ്ണി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സിന്ധു, വിങ്സ് കേരള പ്രവർത്തക അഡ്വ. സുധ ഹരിദ്വാർ തുടങ്ങിയവർ പാനൽ ചർച്ചക്ക് നേതൃത്വം നൽകി. ഓരോ വർഷവും ജില്ലയിലെ വ്യത്യസ്ത പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇത്തവണ ഉൾപ്പെടുത്തിയ ആറ് സി.ഡി.എസ്സുകളിൽ നിന്നായി 5735 പേരിൽ സാമ്പിൾ സർവേ നടത്തിയാണ് റിപ്പോർട്ട് തയാറാക്കിയത്. റിപ്പോർട്ടിൽ 3324 പേർ സാമ്പത്തിക അതിക്രമങ്ങൾക്കും 609 പേർ ശാരീരികം, 3090 പേർ ലൈംഗികം, 2595 പേർ മാനസിക /വൈകാരികം, 1172 സാമൂഹികം, 4078 വാചിക അതിക്രമങ്ങളും നേരിട്ടതായി റിപ്പോർട്ടിൽ രേഖപ്പെടുത്തി. ഓരോ സി.ഡി എസ്സിനു കീഴിലും പരിശീലനം ലഭിച്ച അഞ്ച് ആർ.പി മാരാണ് വിവര ശേഖരണത്തിന് നേതൃത്വം നൽകിയത്. റിപ്പോർട്ട് വിശകലനം ചെയ്ത് ഓരോ മേഖലകൾക്കും ഊന്നൽ നൽകി കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ തുടരും.

പരിപാടിയിൽ കോഡൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ഹസീന ഫസൽ, റാബിയ ചോലക്കൽ, ജില്ലാ മിഷൻ അസി. കോർഡിനേറ്റർമാരായ അസ്ലം, ഇ. സനീറ, കുടുംബശ്രീ ജെൻഡർ ജില്ലാ പ്രോഗ്രാം മാനേജർ റൂബീ രാജ്, കോർഡിനേഷൻ കമ്മറ്റി അംഗങ്ങൾ, വിവിധ പഞ്ചായത്ത്, സി.ഡി.എസ്. വകുപ്പ് സ്ഥാപന പ്രതിനിധികൾ, സ്നേഹിത അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# അമ്പതിനായിരം മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതും വകുപ്പുതല പരിശോധനയിലൂടെ അനർഹരുടെ കയ്യിൽ നിന്നും ലഭിച്ചതുമായ 50000 മുൻഗണനാ റേഷൻകാർഡുകളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 12 വൈകിട്ട് 4.30ന് ഗവ. വിമൻസ് കോളേജ് ആഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഭക്ഷ്യപൊതുവിതരണ വകുപ്പു മന്ത്രി ജി.ആർ.അനിൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി.ശിവൻകുട്ടി മുഖ്യാതിഥിയാകും.

മുൻഗണനേതര റേഷൻകാർഡുകൾ തരംമാറ്റുന്നതിന് 2024 നവംബർ 15 മുതൽ ഡിസംബർ 15 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നല്കിയിരുന്നു. ആകെ 75563 അപേക്ഷകൾ ലഭിച്ചു. സൂക്ഷ്മപരിശോധനയിൽ മുൻഗണനാകാർഡിന് അർഹരായ 73970 അപേക്ഷകൾ കണ്ടെത്തി.

മാനദണ്ഡപ്രകാരം 30 മാർക്കിന് മുകളിൽ ലഭ്യമായ 63861 അപേക്ഷകരിൽ ആദ്യ അമ്പതിനായിരം പേർക്കാണ് ഇപ്പോൾ മുൻഗണനാ കാർഡുകൾ നൽകുന്നതെന്ന് മന്ത്രി ജി.ആർ. അനിൽ പത്രക്കുറിപ്പിൽ അറിയിച്ചു.

മുൻഗണനാകാർഡിന് അർഹരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശേഷിക്കുന്ന അപേക്ഷകർക്ക് തുടർന്നുള്ള മാസങ്ങളിൽ ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണനാകാർഡുകൾ വിതരണം ചെയ്യുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. എം.എൽ.എ.മാരായ ആന്റണി രാജു, വി.കെ.പ്രശാന്ത്, മേയർ ആര്യാ രാജേന്ദ്രൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# മത്സ്യത്തൊഴിലാളി ക്ഷേമനിധി: അംശാദായം അടച്ച് അംഗത്വം പുതുക്കണം

**തിരുവനന്തപുരം:** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഓഫീസുകളിൽ എത്തി 202425 വർഷത്തെ അംശാദായം അടച്ച് അംഗത്വം പുതുക്കണം.

കുടിശ്ശികയുള്ളവരും 2024-25 വർഷത്തെ ക്ഷേമനിധി വിഹിതം നാളിതുവരെ അടയ്ക്കാത്ത തൊഴിലാളികളും ഫെബ്രുവരി 28 നകം ഫിഷറീസ് ഓഫീസുകളിൽ അംശാദായം അടക്കണം.

ക്ഷേമനിധി പാസ്ബുക്ക്, ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ ഹാജരാക്കണം. മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി ലിസ്റ്റുകളിലെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തണം. മാറ്റമുള്ള വിവരങ്ങൾ ഫിഷറീസ് ഓഫീസറെ അറിയിക്കണം.

മത്സ്യത്തൊഴിലാളി,അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ പ്രകാരമുള്ള അപകടമരണം, അപകടത്തെ തുടർന്നുള്ള അംഗവൈകല്യം, ആശുപത്രി ചികിത്സ എന്നിവയ്ക്കുള്ള ഇൻഷുറൻസ് ധനസഹായത്തിനും, മാരകരോഗ ചികിത്സ ധനസഹായ പദ്ധതി,സാന്ത്വനതീരം ചികിത്സാ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ്, പെൺമക്കളുടെ വിവാഹ ധനസഹായം, ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ മുതലായവ തുടർന്നും ലഭിക്കുന്നതിന് അംശാദായം അടച്ച് അംഗത്വം നിലനിർത്തണം.

# വിവിധ പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനം

**തൃശൂർ:** പാറളം ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി വഴി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം സി സി മുകുന്ദൻ എം.എൽ.എ നിർവഹിച്ചു. ശാസ്താംകടവ് നഗറിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന ഇടങ്ങൾ പുനരുദ്ധരിക്കുക, ഭവന പുനരുദ്ധാരണം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്.

പാറളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി വിനയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എ കെ രാധാകൃഷ്ണൻ മാസ്റ്റർ മുഖ്യാതിഥിയായി പങ്കെടുത്തു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പ്രമോദ് കെ സ്വാഗതം പറഞ്ഞു. ആശംസകൾ നേർന്നുകൊണ്ട് ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെറി ജോസഫ്, പാറളം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജെയിംസ് പോൾ, വാർഡ് മെമ്പർ ജൂബി മാത്യു എന്നിവർ സംസാരിച്ചു സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എൻജിനീയർ സന്ധ്യ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ വാലന്റീന കെ ഡി നന്ദി പറഞ്ഞു.

# കേരള ശാസ്ത്ര കോൺഗ്രസ്സിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് കോൺക്ലേവ് സംഘടിപ്പിച്ചു

**തൃശൂർ:** കേരളത്തിലെ സംരംഭകത്വ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 37ാമത് കേരള ശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി 'സ്റ്റാർട്ടപ്പ് കോൺക്ലേവ്' സംഘടിപ്പിച്ചു. പുതിയ സംരംഭങ്ങൾ, ഗവേഷണ അധിഷ്ഠിത സംരംഭകത്വം, ഇൻക്യുബേഷൻ സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്ര ചർച്ചകളും സംവാദങ്ങളും പരിപാടിയിലുണ്ടായി.

കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. കേരള സ്റ്റാർട്ടപ്പ് മിഷനും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റും തമ്മിലുള്ള സാങ്കേതിക സഹകരണ കരാർ കൈമാറ്റം നടന്നു. തുടർന്ന് ഗവേഷണ അധിഷ്ഠിത സംരംഭകാന്തരീക്ഷം പാനൽ ചർച്ച ശ്രദ്ധേയമായി.

കേരളത്തിലെ ഗവേഷണ അധിഷ്ഠിത സംരംഭകാന്തരീക്ഷം' എന്ന വിഷയത്തിൽ ചർച്ചയും ആഴത്തിലുള്ള വിലയിരുത്തലുകളും നടന്നു. റഫ്താർ അഗ്രിബിസിനസ് ഇൻക്യുബേറ്റർ (കേരള കാർഷിക സർവ്വകലാശാല) മേധാവി ഡോ. കെ.പി സുധീർ മോഡറേറ്ററായിരുന്നു. കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. പി.വി ഉണ്ണികൃഷ്ണൻ ചെയർപേഴ്സണായി. ഗവേഷണാധിഷ്ഠിത സംരംഭകത്വത്തിന്റെ പ്രാധാന്യം അനൂപ് അംബിക വിശദീകരിച്ചു.

സംരംഭകരായ ഡോ. സി.എൻ രാമചന്ദ്, ഡോ. എം. പ്രീതി, ഡോ. കെ.എസ് പ്രവീൺ, ഡോ. സെബാസ്റ്റ്യൻ സി. പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.

സംരംഭക പ്രവർത്തനങ്ങളിൽ ഗവേഷണത്തെ എങ്ങനെ ശക്തിപ്പെടുത്താമെന്നതിനെക്കുറിച്ചും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഇൻക്യുബേറ്ററുകളും നവ സംരംഭക മേഖലയെ എങ്ങനെ പിന്തുണയ്ക്കണമെന്നതിനെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു.

ഡോ. കെ.പി സുധീർ കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ 250 കൃഷിയധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയെക്കുറിച്ച് വിവരിക്കുകയും വാണിജ്യവത്കരണത്തിനായി 25 ലക്ഷം രൂപ സഹായവും, വിദ്യാർത്ഥി സംരംഭകർക്ക് 4 ലക്ഷം രൂപ സഹായവും, കർഷകരുടെ നേതൃത്വത്തിലുള്ള ബയോടെക്നോളജി, ജീനോം അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കായി 5 ലക്ഷം രൂപ സഹായവും ലഭ്യമാണെന്നും വിശദീകരിച്ചു.

പാനൽ ചർച്ചയിൽ കേരളത്തിലെ സംരംഭക രംഗത്തിന്റെ അവലോകനവും നടന്നു. സ്ഥിരതയും സാങ്കേതിക നവീകരണങ്ങളും ലക്ഷ്യമിടുന്ന ഫണ്ടിംഗ് ആശയങ്ങളും ചർച്ചാ വിഷയമായി. കൃഷി, ബയോടെക്നോളജി, സുസ്ഥിര ഊർജ്ജം, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഗവേഷണാധിഷ്ഠിത സംരംഭങ്ങൾക്ക് കേരളം മികച്ച കേന്ദ്രമാകേണ്ടതിന്റെ അനിവാര്യതയാണ് വിദഗ്ധർ ചൂണ്ടിക്കാണിച്ചത്. നാമിന്ന് അഭിമുഖീകരിക്കുന്ന അടിയന്തര പ്രാധാന്യമുള്ള പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുന്നതിൽ സുസ്ഥിര സാങ്കേതികവിദ്യകൾ പങ്കുവെക്കേണ്ടതിന്റെയും അവയുടെ സംരംഭകത്വ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്റെ നിർണായക പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്നതായിരുന്നു സ്റ്റാർട്ടപ്പ് കോൺക്ലേവ്. കാലാവസ്ഥാ വ്യതിയാനം, വിഭവശോഷണം, മലിനീകരണം എന്നിവയുമായി അതിജീവനത്തിനായി മല്ലിടുമ്പോൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉൽപ്പാദന പ്രക്രിയകളിൽ സുസ്ഥിരത ഉറപ്പുവരുത്തുന്ന ഹരിത സാങ്കേതിക വിദ്യകളുടെ കൈമാറ്റം അത്യന്താപേക്ഷിതമാണ്. പരിസ്ഥിതി സൗഹൃദപരമായ ശാസ്ത്രസാങ്കേതിക വിദ്യകൾ സ്വീകരിച്ച് നടപ്പിൽ വരുത്തുന്നതിൽ സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ മേഖലകൾ, സമൂഹ്യ കൂട്ടായ്മകൾ എന്നിവ തമ്മിൽ അർത്ഥപൂർണ്ണമായ സഹകരണത്തിൽ ഏർപ്പെടേണ്ടിയിരിക്കുന്നു അതിനാവശ്യമായ സംരംഭകത്വ സൗഹൃദ പരിസ്ഥിതി ഒരുക്കേണ്ടതുണ്ട് എന്ന് കോൺക്ലേവിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. രാജ്യത്തു തന്നെ ആദ്യമായി സ്റ്റാർട്ടപ്പ് നയം രൂപീകരിക്കാനും നവീന സംരംഭകത്വത്തിന് അനുകൂലമായ അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതിയും വികസിപ്പിച്ചതിലൂടെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ സംവിധാനമായി കേരളം മാറിയിട്ടുണ്ട് എന്ന് പ്രഭാഷകർ അഭിപ്രായപ്പെട്ടു.

പങ്കെടുത്ത വിദഗ്ധരും സംരംഭകരും സംരംഭകാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രധാനമായും മാർഗദർശനം, സഹകരണം, നെറ്റ്വർക്കിംഗ് എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് എടുത്തു പറഞ്ഞു. കോൺക്ലേവിന് കെ.എസ്.സി.എസ്.ടി.ഇ സീനിയർ സയന്റിസ്റ്റ് ഡോ. എ.ആർ ശാരിക നന്ദിപറഞ്ഞു.




# സംസ്ഥാന അന്തർ ജില്ലാ സീനിയർ ബാഡ്മിന്റൺ: ആലപ്പുഴ ചാമ്പ്യൻമാർ

**കണ്ണൂർ:** സംസ്ഥാന അന്തർ ജില്ലാ സീനിയർ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ ചാമ്പ്യൻമാരായി. തിരുവനന്തപുരമാണ് റണ്ണേർസ് അപ്പ്. വാശിയേറിയ ഫൈനൽ മത്സരത്തിൽ 3 2 ന് ആയിരുന്നു ആലപ്പുഴ തിരുവനന്തപുരത്തെ തോൽപ്പിച്ചത്. സെമി ഫൈനലിൽ തിരുവനന്തപുരം കണ്ണൂരിനെയും ആലപ്പുഴ എറണാകുളത്തെയും തോൽപ്പിച്ചാണ് ഫൈനലിൽ പ്രവേശിച്ചത്.

കണ്ണൂർ ജില്ല ഒളിമ്പിക് അസോസിയേഷൻ പ്രസിഡണ്ടും കേരള ബാഡ്മിൻറൺ അസോസിയേഷൻ എക്സിക്യൂട്ടീവ് മെമ്പറുമായ ഡോ. പി കെ ജഗന്നാഥൻ സമ്മാനദാനം നിർവഹിച്ചു. കണ്ണൂർ ജില്ലാ ബാഡ്മിൻറൺ അസോസിയേഷൻ പ്രസിഡണ്ട് കെ.പി. അബ്ദുൾ അസീസ്, സെക്രട്ടറി കെ.പി. പ്രജീഷ്, വൈസ് പ്രസിഡണ്ട് കെ രാജേഷ് എന്നിവർ സംസാരിച്ചു.

## ക്വാളിറ്റി പവർ ഇലക്ട്രിക്കൽ എക്യുപ്‌മെൻറ്സ് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 14 മുതൽ

**കൊച്ചി:** ആഗോളതലത്തിൽ ഇലക്ട്രിക്കൽ പവർ കണക്റ്റിവിറ്റി, എനർജി ട്രാൻസിഷന് മേഖലകൾക്ക് ഉയർന്ന വോൾട്ടേജിലുള്ള ഇലക്ട്രിക് ഉപകരണങ്ങളും ഊർജ സാങ്കേതികവിദ്യകളും ലഭ്യമാക്കുന്ന ക്വാളിറ്റി പവർ ഇലക്ട്രിക്കൽ എക്യുപ്‌മെൻറ്സ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഫെബ്രുവരി 14 മുതൽ 18വരെ നടക്കും. 225 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രൊമോട്ടർമാരുടെ 14,910,500 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 401 രൂപ മുതൽ 425 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 26 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 26 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.പാൻറോമത്ത് ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

## ഇൻവെസ്കോ ബിസിനസ് സൈക്കിൾ ഫണ്ട് എൻഎഫ്ഒ ഫെബ്രുവരി 20 വരെ

**കൊച്ചി:** ഇൻവെസ്കോ മ്യൂച്വൽ ഫണ്ടിന്റെ ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ ഇൻവെസ്കൊ ബിസിനസ് സൈക്കിൾ ഫണ്ട് എൻഎഫ്ഒ ഫെബ്രുവരി 20 വരെ നടത്തും. ബിസിനസ് സൈക്കിൾ അധിഷ്ഠിത നിക്ഷേപ തന്ത്രങ്ങൾ പിന്തുടരുന്ന ഓഹരി, ഓഹരി അനുബന്ധ നിക്ഷേപങ്ങളിലൂടെ ദീർഘകാല മൂലധന നേട്ടം കൈവരിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ട് വെക്കുന്നത്. നിഫ്റ്റി 500 ടിആർഐ ആണ് അടിസ്ഥാന സൂചിക. ആയിരം രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. സിഐപി രീതിയിൽ 500 രൂപയാണ് കുറഞ്ഞ നിക്ഷേപം.




**അന്താരാഷ്ട്ര ഗുണനിലവാര മാനദണ്ഡങ്ങൾക്കായി കല്യാൺ ഡവലപ്പേഴ്സ് ബ്യൂറോ വെരിറ്റാസുമായി സഹകരിക്കുന്നതിനുള്ള ധാരണാപത്രം ബ്യൂറോ വെരിറ്റാസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് കേരള ഏരിയ & ഇൻഡസ്ട്രി മാനേജർ ആർ രാജേഷ് കല്യാൺ ഡവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ ആർ കാർത്തികിന് കൈമാറുന്നു.**

## കല്യാൺ ഡവലപ്പേഴ്സ് ബ്യൂറോ വെരിറ്റാസുമായി കൈകോർക്കുന്നു

**കൊച്ചി:** കേരള റിയൽ എസ്റ്റേറ്റ് വിപണിയിലെ മുൻനിരക്കാരായ കല്യാൺ ഡവലപ്പേഴ്സ്, ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും ക്വാളിറ്റി കൺട്രോൾ പ്രവർത്തനങ്ങളുടെ തേർഡ് പാർട്ടി ഓഡിറ്റുകൾ നടത്തുന്നതിനുമായി ബ്യൂറോ വെരിറ്റാസുമായി സഹകരിക്കുന്നു. ഫ്രാൻസ് ആസ്ഥാനമായി 1828ൽ സ്ഥാപിതമായ ബഹുരാഷ്ട്ര കമ്പനിയായ ബ്യൂറോ വെരിറ്റാസ്, ടെസ്റ്റിംഗ്, ഇൻസ്പെക്ഷൻ, സർട്ടിഫിക്കേഷൻ സേവനങ്ങളിൽ ആഗോള മുൻനിരക്കാരാണ്. കല്യാൺ ഡവലപ്പേഴ്സിൻറെ ഭവന പദ്ധതികളിൽ മികച്ച ഗുണ നിലവാരം ഉറപ്പാക്കുന്നതാണ് ഈ സഹകരണം.

ഏറ്റവും മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നവും സേവനവും നൽകുകയെന്ന കമ്പനിയുടെ നയത്തിൻറെ അടിസ്ഥാനത്തിലാണ് ഈ പുതിയ സഹകരണമെന്ന് കല്യാൺ ഡവലപ്പേഴ്സ് മാനേജിംഗ് പാർട്ട്ണർ കാർത്തിക് ആർ പറഞ്ഞു.

ഇന്ത്യയിലെ ഏറ്റവും വിശ്വസ്ത ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സിൻറെ സഹോദര സ്ഥാപനമാണ് കല്യാൺ ഡവലപ്പേഴ്സ്. തൃശൂർ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിൽ കല്യാൺ ഡവലപ്പേഴ്സിന് ഭവന പദ്ധതികളുണ്ട്. നിലവിൽ കേരളത്തിലെമ്പാടുമായി 22 ലധികം പദ്ധതികൾ കമ്പനിക്കുണ്ട്.




# പുതു തലമുറ വിൽപ്പനയും സേവനവും അവതരിപ്പിച്ച് മഹീന്ദ്ര

**കൊച്ചി:** എസ്യുവികളുടെ വിൽപ്പനയും സേവനവും പരിഷ്കരിച്ച് ഓട്ടോമൊബൈൽ ഉപഭോക്തൃ അനുഭവം കൂടുതൽ മികവുറ്റതാക്കാൻ മഹീന്ദ്ര. ഹാർട്ട്കോർ ഡിസൈൻ തത്വശാസ്ത്രത്തിൻറെ അടിസ്ഥാനത്തിൽ മഹീന്ദ്രയുടെ പുതു തലമുറ ഡീലർഷിപ്പുകൾ വഴി മുഴുവൻ ഇലക്ട്രിക് ഐസിഇ എസ്യുവികൾക്കായി ഷോറൂം മുതൽ സർവീസ് ബേ വരെ സമഗ്രമായ അനുഭവമാണ് ഒരുക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇംഗ്ലോ ഇലക്ട്രിക് ഒറിജിൻ ആർക്കിടെക്ചർ മുതൽ ലോകത്തിലെ ഏറ്റവും വേഗത യേറിയ ഓട്ടോമോട്ടീവ് മൈൻഡായ എംഎഐഎയും ഹീറോ ഫീച്ചറുകളും കൂടിയാണ് മഹീന്ദ്രയുടെ നവീന സാങ്കേതിക വിദ്യകളുടെ പ്രദർശനം. ഡോൾബി അറ്റ്മോസ് ഫീച്ചറുള്ള 1400 വാട്ട്, 16 സ്പീക്കർ ഹാർമൻ കാർഡൺ സിസ്റ്റമുള്ള ഇന്ത്യയിലെ ഏറ്റവും ആകർഷകമായ ഇൻ കാർ ഓഡിയോയുമായി സോണിക് സ്റ്റുഡിയോ, ലക്ഷ്വറി, പ്രീമിയം ബ്രാൻഡുകളിൽ നിന്നുള്ള 500 വിദഗ്ധർ ഉപഭോക്താക്കളുമായി വ്യക്തിഗതമായി ആശയവിനിമയം നടത്തുകയും, മഹിന്ദ്ര എസ്യുവികളിൽ നിന്നുള്ള മികച്ച അനുഭവം ഉറപ്പാക്കുന്നതിനായി ഉപദേശങ്ങൾ നൽകുകയും ചെയ്യും. ഈ സേവങ്ങളുമായി മഹീന്ദ്രയുടെ പുതുതായി രൂപകൽപ്പന ചെയ്ത ഡീലർഷിപ്പുകൾ കാർ വാങ്ങുന്നതിനുള്ള ഒരു സ്ഥലം എന്നതിനപ്പുറം മികച്ച ഉപഭോക്തൃ അനുഭവം ലഭ്യമാക്കുന്നുവെന്നും കമ്പനി അവകാശപ്പെടുന്നു.മഹേന്ദ്ര ഡീലർഷിപ്പുകളിലും സർവീസ് സെൻററുകളിലും വ്യക്തിഗതമായ ഷോറൂം വാക്ക്ത്രൂകൾ, ഇമേഴ്സീവ് ടെസ്റ്റ് ഡ്രൈവ് അനുഭവങ്ങൾ, ഇൻററാക്ടീവ് ടെക് പ്രദർശനങ്ങൾ എന്നിവ ലഭ്യമാണ്. സന്ദർശകർക്ക് വിദഗ്ധ സെയിൽസ് കൺസൾട്ടൻറുകളുമായി സംസാരിക്കാനും, തീം അടിസ്ഥാനമാക്കിയുള്ള സമ്മാനങ്ങൾ നേടാനും, 'ത്രീ ഫോർ മീ' പോലെയുള്ള നവീന ധനസഹായ പദ്ധതികൾ മനസ്സിലാക്കാനുമുള്ള പ്രത്യേക അവസരമുണ്ടാകും. ഫെബ്രുവരി 14ന് രാവിലെ 9 മുതൽ ബിഇ 6, എക്സ്ഇവി 9ഇ മോഡലുകളുടെ ബുക്കിംഗുകൾ രാജ്യത്തുടനീളമുള്ള എല്ലാ ഡീലർഷിപ്പുകളിലും ആരംഭിക്കും.

# സാംസങ് ഗ്യാലക്സി എസ്25 സീരീസ് ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് കമ്പനിയായ സാംസങിന്റെ ഫ് ളാഗ്ഷിപ്പ് ഗ്യാലക്സി എസ്25 സീരീസുകൾക്ക് ഇന്ത്യയിൽ നിന്നും 430000 പ്രീ ഓർഡറുകളാണ് ലഭിച്ചിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു. ഗ്യാലക്സി എസ്24ന് ഇന്ത്യയിൽ നിന്നും ലഭിച്ച പ്രീ ഓർഡറുകളുടെ എണ്ണത്തേക്കാൾ 20% അധികമാണിത്. ഗ്യാലക്സി എസ്25 അൾട്ര, ഗ്യാലക്സി എസ്25 പ്ലസ്, ഗ്യാലക്സി എസ്25 എന്നീ മോഡലുകളാണ് പുതിയ സീരിസിൽ സാംസങ് പുറത്തിറക്കിയിട്ടുള്ളത്. യുവാക്കളിൽ നിന്നും ടെക്നോളജിയോട് അതീവ താത്പര്യം പുലർത്തുന്നവരിൽ നിന്നും മികച്ച പ്രതികരണമാണ് ഗ്യാലക്സി എസ്25 സീരീസിന് ലഭിച്ചിട്ടുള്ളത്. ഗ്യാലക്സി എഐയുടെ മികവാർന്ന പ്രകടനം ഈ മോഡലുകളുടെ പ്രധാന ആകർഷണമാകുന്നു. ഈ വർഷം ഞങ്ങളുടെ ഫ്ലാഗ്ഷിപ്പ് ഡിസ്ട്രിബ്യൂഷൻ നെറ്റുവർക്ക് 17,000 ഔട്ട്ലെറ്റുകളായി വികസിപ്പിച്ചിട്ടുണ്ട്. അതിലൂടെ ചെറിയ നഗരങ്ങളിലെ ഉപഭോക്താക്കളിലേക്ക് പോലും എത്തിച്ചേരുവാൻ സാധിക്കുന്നുവെന്ന് സാംസങ് ഇന്ത്യ എംഎക്സ് ഡിവിഷൻ സീനിയർ വൈസ് പ്രസിഡന്റ് രാജു പുല്ലാൻ പറഞ്ഞു. എഐ സൊല്യൂഷനുകളോട് ഉപഭോക്താക്കൾക്ക് വർധിച്ചുവരുന്ന താത്പര്യം ഗ്യാലക്സി എസ്25 സീരിസിന്റെ വിജയത്തിനും കാരണമാകുന്നു.ഇന്ത്യയിലെ എസ്25 ഉപഭോക്താക്കൾക്ക് ഗൂഗിൾ ജെമിനി തുടക്കത്തിൽത്തന്നെ ഹിന്ദി ഭാഷയിലും ലഭ്യമാകുന്നു. ഇന്ത്യൻ വിപണി സാംസങിന് ഏറെ പ്രധാനമാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഫെബ്രുവരി 7 മുതൽ എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും സാംസങ് .കോമിലും മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഗ്യാലക്സി എസ്25 സീരീസ് ലഭ്യമായിത്തുടങ്ങി. ടൈറ്റാനിയം സിൽവർ ബ്ലൂ, ടൈറ്റാനിയം ബ്ലാക്ക്, ടൈറ്റാനിയം വൈറ്റ് സിൽവർ, ടൈറ്റാനിയം ഗ്രേ എന്നീ നിറങ്ങളിൽ ഗ്യാലക്സി എസ്25 അൾട്ര ലഭ്യമാകും. നേവി, സിൽവർ ഷാഡോ, ഐസിബ്ലൂ, മിന്റ് നിറങ്ങളിലാണ് ഗ്യാലക്സി എസ്25, ഗ്യാലക്സി എസ്25 പ്ലസ് മോഡലുകൾ ലഭ്യമാകുന്നത്.




## വാലൻ്റൈൻസ് ഡേ ക്യാമ്പയിനുമായി എബിസി

**കൊച്ചി:** വാലൻ്റൈൻസ് ഡേ ക്യാമ്പയിൻ അവതരിപ്പിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ഈ വാലൻ്റൈൻസ് ദിനത്തിൽ പരമ്പരാഗത സമ്മാനങ്ങൾക്കപ്പുറം നല്ല ആരോഗ്യം പ്രദാനം ചെയ്യുന്ന സമ്മാനം തന്നെ സ്നേഹിതർക്ക് നൽകാനായി തിരഞ്ഞെടുക്കണമെന്ന് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ അധികൃതർ പറഞ്ഞു. 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമായ കാലിഫോർണിയ ബദാം വിറ്റാമിൻ ഇ, മഗ്നീഷ്യം, ഡയറ്ററി ഫൈബർ, ആരോഗ്യ കൊഴുപ്പുകൾ, പ്രോട്ടീൻ എന്നിവയുടെ സ്വാഭാവിക ഉറവിടമാണ്. നട്സിലെ രാജാവ് എന്നറിയപ്പെടുന്ന ഈ ബദാം നിരവധി ആരോഗ്യ ഗുണങ്ങളും നൽകുന്നു. ഈ പ്രകൃതിദത്ത ബദാം ദിനചര്യയിൽ ഉൾപ്പെടുത്തുന്നത് ഹൃദയാരോഗ്യം പ്രോത്സാഹിപ്പിക്കാനും ശരീരഭാരം നിയന്ത്രിക്കാനും പ്രതിരോധശേഷി വർധിപ്പിക്കാനും സഹായിക്കും. 200ലധികം ശാസ്ത്രീയ പഠനങ്ങൾ അവയുടെ വൈവിധ്യമാർന്ന ആരോഗ്യ ആനുകൂല്യങ്ങളെ പിന്തുണയ്ക്കുന്നതിനാൽ, കാലിഫോർണിയ ബദാം ഏതൊരു ആരോഗ്യകരമായ ജീവിതശൈലിക്കുമുള്ള ലളിതവും ശക്തവും സ്വാഭാവികവുമായ കൂട്ടിച്ചേർക്കലായിരിക്കുമെന്ന് ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.

# റിട്ടയർമെന്റിനുശേഷം സാമ്പത്തിക ആസൂത്രണം അനിവാര്യം



ഗൗരബ് പാരിജ

**കൊച്ചി:** റിട്ടയർമെന്റിനായി സാമ്പത്തിക സ്വാതന്ത്ര്യം നേടുക എന്നത് ശ്രദ്ധാപൂർവ്വമായ ആസൂത്രണവും അച്ചടക്കത്തോടെയുള്ള നിർവഹണവും ആവശ്യമുള്ള അഭിലാഷമാണെന്ന് ബന്ധൻ എഎംസി സെയിൽസ് ആൻഡ് മാർക്കറ്റിംഗ് മേധാവി ഗൗരബ് പാരിജ പറഞ്ഞു.

ഒരാളുടെ നിലവിലെ സാമ്പത്തിക സാഹചര്യങ്ങൾ പരിഗണിക്കുക, വ്യക്തമായ ലക്ഷ്യങ്ങൾ നിശ്ചയിക്കുക, ഉറച്ച സമ്പാദ്യ പദ്ധതി കെട്ടിപ്പടുക്കുക എന്നിവയെല്ലാം റിട്ടയർമെന്റിന് ശേഷമുള്ള ജീവിതത്തിന്റെ പ്രധാന ഭാഗങ്ങളാണ്.ശക്തമായ റിട്ടയർമെന്റ് പ്ലാനിന്റെ പ്രധാന ലക്ഷ്യം ഒരാളുടെ സമ്പാദ്യവും നിക്ഷേപങ്ങളും അടിസ്ഥാന ജീവിതച്ചെലവുകൾ ഉൾക്കൊള്ളുന്ന സ്ഥാനത്ത് എത്തിച്ചേരുക മാത്രമല്ല, അതിനപ്പുറത്തേക്ക് റിട്ടയർമെന്റിന് ശേഷമുള്ള ജീവിതം നയിക്കുക എന്നതാണ്. റിട്ടയർമെന്റിനുശേഷം സാമ്പത്തിക ആകുലതകളിൽ നിന്ന് മുക്തമായ ജീവിതം ആസ്വദിക്കുന്നതിനും ശ്രദ്ധാപൂർവ്വമായ ആസൂത്രണവും അച്ചടക്കമുള്ള സാമ്പത്തിക മാനേജുമെന്റും ഉപയോഗിച്ച് ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം കൈവരിക്കാൻ കഴിയുമെന്നും ഗൗരബ് പാരിജ പറഞ്ഞു.

വ്യക്തമായ വിരമിക്കൽ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നത് അത് നേടുന്നതിനുള്ള ആദ്യപടിയാണ്. റിട്ടയർമെന്റ് ലക്ഷ്യങ്ങൾ നിർവചിച്ചിരിക്കുന്നത് നിങ്ങളുടെ സാമ്പത്തിക ആസൂത്രണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുന്നു. നിങ്ങളുടെ വിഭാവനം ചെയ്ത റിട്ടയർമെന്റ് കോർപ്പസ് ആരോഗ്യ പരിരക്ഷ, ജീവിതച്ചെലവുകൾ തുടങ്ങിയ റിട്ടയർമെന്റിന് ശേഷമുള്ള അടിസ്ഥാന ചെലവുകളും കണക്കിലെടുക്കണം.

കാലക്രമേണ പണപ്പെരുപ്പത്തിന്റെ പ്രഭാവം മൂലം നിങ്ങളുടെ റിട്ടയർമെന്റ് സമ്പാദ്യങ്ങൾ ഇല്ലാതാകുമെന്ന വസ്തുതയും കണക്കിലെടുക്കേണ്ടത് പ്രധാനമാണ്. നിങ്ങൾക്ക് വൈവിധ്യമാർന്ന നിക്ഷേപങ്ങളും പണപ്പെരുപ്പത്തിന് മുകളിലുള്ള വരുമാനമുള്ള ആസ്തികളിലേക്കുള്ള പ്രവേശനവും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ടെന്ന് ഗൗരബ് പാരിജ അഭിപ്രായപ്പെട്ടു.

# പ്രവാസികളുടെ മാതാപിതാക്കൾക്ക് കൈത്താങ്ങുമായി പോളിസിബസാർ

**കൊച്ചി :** പ്രവാസികളായ ഇന്ത്യക്കാരുടെ പ്രായമായ മാതാപിതാക്കളുടെ പരിചരണം ലക്ഷ്യമിട്ട് ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് പോളിസിബസാർ എൻആർഐ കെയർ പ്രോഗ്രാം ആരംഭിച്ചു. വിദേശത്തിരുന്ന് മാതാപിതാക്കളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ബുദ്ധിമുട്ടുന്ന പ്രവാസികൾക്ക് ഈ പദ്ധതി വലിയ ആശ്വാസമാകുമെന്ന് പിബി ഫിൻടെക് ജോയിന്റ് ഗ്രൂപ്പ് സിഇഒ സർബീർ സിംഗ് പറഞ്ഞു.24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി ഹെൽപ്‌ലൈൻ, ആശുപത്രിവാസത്തിനും ക്ലെയിം ചെയ്യുന്നതിനും സഹായിക്കുന്ന കോൺഷ്യർജ് സേവനങ്ങൾ, ഡോക്ടർമാരുടെ സേവനം, ആംബുലൻസ് സൗകര്യം, മാനസികവും ശാരീരികവുമായ ക്ഷേമത്തിനായുള്ള സഹായം, മനശാസ്ത്രജ്ഞരെയും ഫിസിയോതെറാപ്പിസ്റ്റുകളെയും സമീപിക്കാനുള്ള സൗകര്യം എന്നിവ ഈ പ്രോഗ്രാമിന്റെ ഭാഗമാണ്. അടിയന്തര സാഹചര്യങ്ങളിൽ 30 മിനിറ്റിനുള്ളിൽ സഹായം നൽകുന്ന ഓൺഗ്രൗണ്ട് ക്ലെയിം സപ്പോർട്ട് സർവീസാണ് ഇതിലെ പ്രധാന ആകർഷണം. ഇന്ത്യയിലുള്ള പ്രിയപ്പെട്ടവരുടെ കാര്യത്തിൽ ഒരു ആശങ്കയുമില്ലാതെ, ഏറ്റവും പ്രൊഫഷണൽ രീതിയിലും പരിചരണത്തോടെയും അവരെ പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും സർബീർ സിംഗ് പറഞ്ഞു

# ഫിക്സഡ് ഡെപ്പോസിറ്റ് ലളിതമാക്കി ആക്സിസ് ബാങ്ക്

**കൊച്ചി:** ആക്സിസ് ബാങ്കിനു പുറത്തുള്ള അക്കൗണ്ടുകളിലെ പണം ഉപയോഗിച്ച് സ്ഥിര നിക്ഷേപങ്ങൾ ആരംഭിക്കാനാവുന്നത് അടക്കമുള്ള സൗകര്യങ്ങളുമായി ആക്സിസ് ബാങ്ക് സ്ഥിര നിക്ഷേപം ആരംഭിക്കുന്ന പ്രക്രിയ കൂടുതൽ ലളിതമാക്കി. രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ മേഖലാ ബാങ്കുകളിൽ ഒന്നായ ആക്സിസ് ബാങ്ക് തങ്ങളുടെ മൊബൈൽ ബാങ്കിങ് ആപ്പിലാണ് യുപിഐ, നെറ്റ് ബാങ്കിങ് എന്നിവയിലൂടെ പണമടച്ച് മറ്റു ബാങ്ക് അക്കൗണ്ടുകളിലെ പണം ഉപയോഗിച്ച് സ്ഥിര നിക്ഷേപം ആരംഭിക്കാൻ അവസരമൊരുക്കുന്നത്. അക്കൗണ്ട് അഗ്രഗേറ്റർ സംവിധാനം പ്രയോജനപ്പെടുത്തിയുള്ള ഈ പുതുതലമുറ സംവിധാനം അവതരിപ്പിക്കുന്ന ആദ്യ സ്വകാര്യ മേഖലാ ബാങ്കാണ് ആക്സിസ് ബാങ്ക്. ആക്സിസ് ബാങ്ക് ഓപ്പൺ ബാങ്കിങിൻറെ ശക്തിയിൽ വിശ്വസിക്കുന്നതായി ഇതേക്കുറിച്ചു സംസാരിക്കവെ ആക്സിസ് ബാങ്ക് ഡിജിറ്റൽ ബിസിനസ് ആൻറ് ട്രാൻസ്ഫോർമേഷൻ വിഭാഗം മേധാവിയും പ്രസിഡൻറുമായ സമീർ ഷെട്ടി പറഞ്ഞു. ബുദ്ധിമുട്ടുകളില്ലാത്ത ബാങ്കിങ് സേവനങ്ങളാണ് ഇതിലൂടെ ഉപഭോക്താക്കൾക്കു ലഭ്യമാകുക. സ്ഥിര നിക്ഷേപം ആരംഭിക്കുന്നതിനു മുൻപ് ഒരു അക്കൗണ്ടിൽ നിന്നു മറ്റൊരു അക്കൗണ്ടിലേക്കു പണം മാറ്റേണ്ട ആവശ്യവും ഇതിലൂടെ ഇല്ലാതാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.




# കൊച്ചിയ്ക്ക് ഇൻഡ്യയുടെ ഡിസൈൻ ഹബ്ബാകാൻ സാധിക്കും: ഡോ. തോമസ് ഗാർവേ

**കൊച്ചി:** ഇന്ത്യയുടെ ഡിസൈൻ ഹബ്ബാകാൻ കൊച്ചിയ്ക്ക് ഏറെ സാധ്യതയുണ്ടെന്ന് വേൾഡ് ഡിസൈൻ ഓർഗനൈസേഷൻ (ഡബ്ല്യുഡിഒ) പ്രസിഡൻറ് ഡോ. തോമസ് ഗാർവേ പറഞ്ഞു. കൊച്ചിയിൽ ഇൻസൈറ്റ് സെൻറർ ഫോർ ഡിസൈൻ ടെക്നോളജി ആൻഡ് ക്രിയേറ്റീവ് ആർട്ട് സന്ദർശിക്കാനെത്തിയതായിരുന്നു അദ്ദേഹം.

ആദ്യമായിട്ടാണ് കേരളം സന്ദർശിക്കുന്നതെന്ന് പറഞ്ഞ ഡോ. ഗാർവേ, കേരളത്തിലെ ഡിസൈൻ മേഖലയിലെ വിദ്യാർത്ഥികളും പ്രൊഫഷണലുകളുമായി നടത്തിയ ആശയവിനിമയം ഏറെ ആവേശജനകമായിരുന്നുവെന്ന് വ്യക്തമാക്കി. മികച്ച ആശയങ്ങളും വിജ്ഞാനദായകമായ സംവിധാനങ്ങളും ഇവിടുത്തെ ഡിസൈൻ മേഖലയ്ക്കുണ്ട്. ഇൻസൈറ്റ് സെൻറർ പോലുള്ള സ്ഥാപനങ്ങൾ വഴി വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും ഡിസൈൻ സമൂഹത്തിനും വേൾഡ് ഡിസൈൻ ഓർഗനൈസേഷൻറെ എല്ലാ സഹായങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു. വൻകിട നഗരങ്ങളെ അപേക്ഷിച്ച് ഡിസൈൻ പ്രതിഭ കൊച്ചിയിൽ ധാരാളമുണ്ട്. ഇതുപയോഗപ്പെടുത്തിയാൽ രാജ്യത്തിൻറ ഡിസൈൻ ഹബ്ബായി കൊച്ചി മാറുമെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ആഗോള ക്രിയേറ്റീവ് കമ്പനികൾക്ക് നിക്ഷേപം നടത്താനും പ്രവർത്തനം വ്യാപിപ്പിക്കാനുമുള്ള എല്ലാ സാധ്യതയുമുണ്ട്.നാഗരിക ഡിസൈനിൻറെ വിഷയത്തിൽ കുറെക്കൂടി ഗൗരവമായ സമീപനം രാജ്യത്തെ നഗര ഭരണകർത്താക്കൾ കാണിക്കേണ്ടതുണ്ട്. എല്ലാ നഗരങ്ങൾക്കും ചീഫ് ഡിസൈൻ ഓഫീസർമാർ വേണം. ഓരോ ചെറിയ നിർമ്മാണ പ്രവൃത്തി പോലും ഡിസൈൻ മാനദണ്ഡങ്ങളനുസരിച്ചായിരിക്കണം ചെയ്യേണ്ടത്. പൈതൃക സ്വത്തുക്കളെ മികച്ച രീതിയിൽ അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വേൾഡ് ഡിസൈൻ കോൺഗ്രസ് പോലുള്ള അന്താരാഷ്ട്ര ഉച്ചകോടികൾ സംഘടിപ്പിക്കുന്നതിന് ഇന്ത്യ ശ്രമിക്കേണ്ടിയിരിക്കുന്നു. ഒളിമ്പിക്സ് പോലെ രാജ്യങ്ങൾ മത്സരിച്ചാണ് വേദികൾ സ്വന്തമാക്കുന്നത്. അതിനായുള്ള പരിശ്രമം രാജ്യത്തെ ഏതെങ്കിലും നഗരം മുൻകയ്യെടുത്ത് നടത്തണം.കൊച്ചി പോലുള്ള നഗരങ്ങൾ ഡിസൈൻ ആശയത്തിൽ ഒളിഞ്ഞിരിക്കുന്ന രത്നങ്ങളാണെന്ന് ഡോ. ഗാർവി പറഞ്ഞു. ഇത്തരം നഗരങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്താൻ വേൾഡ് ഡിസൈൻ ഓർഗനൈസേഷൻ പരിശ്രമിക്കുന്നുണ്ട്. വ്യക്തമായ തയ്യാറെടുപ്പുകളോടെ മുന്നോട്ടു വന്നാൽ ഉദ്യമങ്ങൾക്ക് എല്ലാവിധ പിന്തുണയും വേൾഡ് ഡിസൈൻ ഓർഗനൈസേഷൻ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ വിവിധ ഡിസൈൻ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ അധ്യാപകർ, ഡിസൈൻ മേഖലയിലെ സ്റ്റാർട്ടപ്പ് സ്ഥാപകർ, പ്രൊഫഷണൽ ഡിസൈനർമാർ, മേക്കർ വില്ലേജിലെ സ്റ്റാർട്ടപ്പുകൾ, തുടങ്ങിയവർ ഡോ. തോമസ് ഗാർവേയുമായി സംവദിച്ചു. ഇൻസൈറ്റ് സെൻറർ ഫോർ ഡിസൈൻ ടെക്നോളജി ആൻഡ് ക്രിയേറ്റീവ് ആർട്ട് ചെയർമാൻ രാഹുൽ ആർ (ഐആർഎസ്), കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രിൻസിപ്പൽ മനോജ് കിണി തുടങ്ങിയവർ സംബന്ധിച്ചു.

# ഒറ്റ ആപ്പിൽ ഒറ്റ സബ്സ്ക്രിപ്ഷനിൽ 17 ഒടിടികളുമായി വി

**കൊച്ചി:** പോക്കറ്റ് കാലിയാകാതെ ഒരൊറ്റ സബ്സ്ക്രിപ്ഷനിൽ 17 ഒടിടികൾ ലഭ്യമാക്കുമെന്ന് വി മൂവീസ് ആന്റ് ടിവി ആപ്പ് ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ, സീ5, സോണി ലിവ് തുടങ്ങി പ്രാദേശിക ഭാഷകളിലെ മനോരമ മാക്സ്, നമ്മ ഫ്ളിക്സ് (കന്നഡ), സൺ നെക്സ്റ്റ്, ക്ലിക്ക് തുടങ്ങി 17 ഒടിടി പ്ലാറ്റ്ഫോമുകളാണ് ഇതിലുള്ളതെന്ന് കമ്പനി അധികൃതർ പറയുന്നു. ഫാൻകോഡ്, ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ, സോണി ലിവ് എന്നിവയും പ്ലേഫ്ളിക്സും ലയൺസ്ഗേറ്റ് പ്ലേയും ഇതിലുണ്ട്. വിയുടെ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് 154 രൂപയ്ക്കും പോസ്റ്റ് പെയ്ഡ് ഉപഭോക്താക്കൾക്ക് 199 രൂപയ്ക്കും വി മൂവീസ് ആൻറ് ടിവി ആപ്പ് പ്രതിമാസം ലഭിക്കും. ഒരൊറ്റ സബ്സ്ക്രിപ്ഷൻ കൊണ്ട് വി മൂവീസ് ആൻറ് ടിവി ആപ്പ് ഒരേ സമയം മൊബൈലിലും ടിവിയിലും ലഭിക്കും. വി മൂവീസ് ആൻറ് ടിവി ആപ്പിലൂടെ ഒടിടി പ്ലാറ്റ്ഫോമിൽ ഉപരിയായി അധിക മൊബൈൽ ഡാറ്റയും ലഭിക്കും. പ്രീപെയ്ഡ് പ്ലാനുകളിലായി 10 ജിബി അധിക ഡാറ്റ ലഭിക്കുന്നതിനാൽ ഡാറ്റ തീരുമെന്ന ആശങ്കയില്ലാതെ ഇഷ്ടപ്പെട്ട സിനിമകളും വിനോദങ്ങളും കാണാം.സിനിമ, സപോർട്സ്, നാടകം, വെബ് സിരീസുകൾ തുടങ്ങി മുഴുവൻ വിനോദവും ആസ്വദിക്കാനായി വി മൂവീസ് ആൻറ് ടിവി ആപ്പിൽ ഒരൊറ്റ സബ്സ്ക്രിപ്ഷനാണുള്ളത്. വി മൂവീസ് ആന്റ് ടിവി ആപ്പിലുടെ എവിടെയിരുന്നും അനായാസം അവരവരുടെ മാതൃഭാഷയിലെ സിനിമകളും ഷോകളും ആസ്വദിക്കാമെന്നും കമ്പനി അധികൃതർ പറഞ്ഞു. ഫാൻകോഡ്, ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ, സോണി ലിവ് തുടങ്ങിയ വിവിധ കായിക മത്സരങ്ങൾ തത്സമയം കാണാനും ആസ്വദിക്കാനും അവസരമുണ്ട്. പ്ലേഫ്ളിക്സ്, ലയൺസ്ഗേറ്റ് പ്ലേ എന്നിവയിലൂടെ കൊറിയൻ, ഹോളിവുഡ് ഷോകൾ ലഭിക്കും.ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഐഫോൺ ഉപയോഗിക്കുന്നവർക്ക് ആപ്പ് സ്റ്റോറിൽ നിന്നും വി മൂവീസ് ആൻറ് ടിവി ആപ്പ് ഡൗൺലോഡ് ചെയ്യാം. പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് 154 രൂപയ്ക്കും പോസ്റ്റ് പെയ്ഡ് ഉപഭോക്താക്കൾക്ക് 199 രൂപയ്ക്കും വി മൂവീസ് ആൻറ് ടിവി ആപ്പ് പ്രതിമാസം ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വി യുടെ അന്താരാഷ്ട്ര റോമിങ് പായ്ക്കുകൾക്ക് ഒപ്പം ബാഗേജ് പരിരക്ഷയും

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവന ദാതാവായ വി തങ്ങളുടെ പോസ്റ്റ് പെയ്ഡ് അന്താരാഷ്ട്ര റോമിങ് പാക്കുകൾക്ക് ഒപ്പം ബാഗേജ് പരിരക്ഷാ സേവനങ്ങൾ ഏർപ്പെടുത്തി. അമേരിക്ക അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ബ്ലൂ റിബ്ബൺ ബാഗ്സുമായി സഹകരിച്ചാണ് 99 രൂപ അധിക ഫീസിൽ ഈ സേവനം നൽകുന്നത്.

വി പോസ്റ്റ് പെയ്ഡ് വരിക്കാർക്ക് തങ്ങളുടെ ലഗേജ് 96 മണിക്കൂറിലേറെ വൈകുകയോ നഷ്ടമാകുകയോ ചെയ്താൽ ബാഗ് ഒന്നിന് 19,800 രൂപ വീതം നഷ്ടപരിഹാരം ലഭിക്കുമെന്ന ഏതെങ്കിലും അന്താരാഷ്ട്ര റോമിങ് പാക്കുകൾ വാങ്ങുമ്പോൾ 99 രൂപ അധിക ചെലവിൽ ഈ സേവനം ലഭ്യമാക്കാം.

ബാഗേജ് വൈകുകയോ നഷ്ടമാകുകയോ ചെയ്താൽ ' വി ' ആപ് വഴി ക്ലെയിം അപേക്ഷയും നൽകാം. ഇതിനായി ലാൻഡ് ചെയ്ത് 24 മണിക്കൂറിനുള്ളിൽ എയർലൈനിലും ബ്ലൂ റിബ്ബൺ ബാഗ്സിലും രജിസ്റ്റർ ചെയ്യണം.

നാലു ദിവസത്തിനകം ബാഗേജ് തിരികെ നൽകിയിട്ടില്ലെങ്കിൽ ബാഗ് ഒന്നിന് പരമാവധി രണ്ടു ബാഗുകൾക്കു വരെ 19,800 രൂപ വീതം നഷ്ടപരിഹാരം നൽകും.

# വരുമാനത്തിൽ 15 ശതമാനം വർധന നേടി ആസ്റ്റർ ഇന്ത്യ

**കൊച്ചി:** രാജ്യത്തെ പ്രമുഖ ആശുപത്രി ശൃംഖലകളിൽ ഒന്നായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ, 2024 ഡിസംബർ 31 വരെയുള്ള സാമ്പത്തിക നേട്ടത്തിന്റെ കണക്കുകൾ പുറത്തുവിട്ടു. ഈ സാമ്പത്തികവർഷത്തിലെ ആദ്യത്തെ 9 മാസത്തെ (ഏപ്രിൽ 1, 2024 മുതൽ ഡിസംബർ 31, 2024, വരെ) കാലയളവിൽ ആകെ വരുമാനം 15% വർധിച്ച് 3,138 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവിൽ 2,721 കോടി രൂപയായിരുന്നു വരുമാനം.

2024 ഒക്ടോബർ മുതൽ ഡിസംബർ അവസാനം വരെയുള്ള മൂന്നാം പാദത്തിലെ വരുമാനം 11 ശതമാനം വളർച്ചരേഖപ്പെടുത്തി 1,050 കോടിയിലെത്തി. പോയവർഷം ഇത് 949 കോടിയായിരുന്നു.കഴിഞ്ഞ 3 പാദങ്ങളിലെ പ്രവർത്തനവരുമാനം 35% വളർന്ന് 613 കോടി രൂപയിലെത്തി. പോയവർഷം ഇതേകാലയളവിൽ നേടിയത് 453 കോടി രൂപയായിരുന്നു. ഇക്കാലയളവിൽ പ്രവർത്തന ലാഭവിഹിതം പോയവർഷത്തെ 16.6% ത്തെ അപേക്ഷിച്ച് 19.5% ൽ എത്തി.

പ്രവർത്തന ലാഭവിഹിതം 19.3% വളർച്ച കൈവരിച്ചു. മുൻവർഷം ഇത് 17.7% ആയിരുന്നു. 2024 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ആസ്റ്റർ ഇന്ത്യയുടെ നികുതിയിതര വരുമാനത്തിൽ 103% ശതമാനത്തിന്റെ വർധനയാണ് ഉണ്ടായത്. മുൻവർഷത്തെ 204 കോടി രൂപയെന്ന നേട്ടത്തെ നിഷ്പ്രഭമാക്കിയ സ്ഥാപനം, ഈ കാലയളവിൽ നേടിയത് 413 കോടി രൂപയുടെ ലാഭമാണ്.ഇതിൽ നിക്ഷേപകർക്കുള്ള വിഹിതം കിഴിച്ചുള്ള ലാഭം 251 കോടി രൂപയാണ്. അതായത്, 65% വളർച്ച. കഴിഞ്ഞസാമ്പത്തികവർഷം ഇത് 153 കോടിയായിരുന്നു. ലയനത്തിനായി കമ്പനി ചെലവഴിച്ച 23.7 കോടി രൂപയുൾപ്പെടെയുള്ളതാണ് ഈ കണക്കുകൾ. സ്ഥിരതയാർന്ന പ്രകടനമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഈ സാമ്പത്തികവർഷത്തിലെ മൂന്നാംപാദത്തിലുംകാഴ്ചവെച്ചിട്ടുള്ളതെന്ന് സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. 2027ലെ സാമ്പത്തിക വർഷത്തിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ശൃംഖലയിലെ ആശുപത്രികളിലുള്ള കിടക്കകളുടെഎണ്ണം 6800 ആയി വികസിപ്പിക്കുമെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഓഹരിയുടമകൾക്ക് ഓരോ ഷെയറിനും 4 രൂപയുടെ ലാഭവിഹിതം വിതരണം ചെയ്യാനും ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനിച്ചു.

# സ്ത്രീകൾക്ക് ഹെൽത്ത് ഇൻഷുറൻസ് അവതരിപ്പിച്ച് ബജാജ് അലയൻസ്

കൊച്ചി : സ്ത്രീകളുടെ മാറിക്കൊണ്ടിരിക്കുന്ന ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ ലക്ഷ്യമിട്ട് ഇൻക്ലൂസീവ് ഹെൽത്ത് ഇൻഷുറൻസ് ഉൽപ്പന്നമായ HERizon കെയർ ആരംഭിച്ചതായി ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ജനറൽ ഇൻഷുറൻസായ ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ് . ഗുരുതരമായ രോഗങ്ങൾ, മാതൃപ്രത്യുൽപാദന ആരോഗ്യം, ക്ഷേമം തുടങ്ങിയവയ്ക്കെല്ലാം ഈ കോംപ്രിഹെൻസീവ് പോളിസി പരിരക്ഷ നൽകുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇത് സ്ത്രീകൾക്ക് അവരുടെ ജീവിതത്തിൻറെ എല്ലാ ഘട്ടങ്ങളിലും സാമ്പത്തിക സുരക്ഷ നൽകുന്നു. സ്ത്രീകളുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുയോജ്യമായ സംരക്ഷണം നൽകുന്ന ഒരൊറ്റ പോളിസിയിൽ ഒന്നിലധികം പ്രത്യേക പരിരക്ഷകൾ വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ആദ്യ ഹെൽത്ത് ഇൻഷുറൻസ് പ്ലാനാണ് HERizon കെയർ എന്നും കമ്പനി അധികൃതർ അറിയിച്ചു.



# മുംബൈ ഇന്ത്യൻസ് 'ഓവൽ ഇൻവിൻസിബിൾസിന്റെ 49% ഓഹരികൾ വാങ്ങുന്നു

**പുരുഷ,വനിതാ ക്രിക്കറ്റിൽ നാല് ഭൂഖണ്ഡങ്ങളിലും അഞ്ച് രാജ്യങ്ങളിലുമായി ഏഴ് ക്രിക്കറ്റ് ടീമുകൾ സ്വന്തമാക്കി മുംബൈ ഇന്ത്യൻസ്**

**മുംബൈ:** മുംബൈ ഇന്ത്യൻസിന്റെ ഉടമസ്ഥരായ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സഹസ്ഥാപനമായ റൈസ് വേൾഡ് വൈഡിലൂടെ, ലണ്ടൻ ആസ്ഥാനമായ ഓവൽ ഇൻവിൻസിബിൾ ക്രിക്കറ്റ് ടീമിന്റെ 49 ശതമാനം ഓഹരി പങ്കാളിത്തം നേടുന്നതായി അറിയിച്ചു. ഇംഗ്ലണ്ട് ആൻഡ് വെയിൽസ് ക്രിക്കറ്റ് ബോർഡിന്റെ (ഇസിബി) ദി ഹൺഡ്രഡിലെ ഒരു ഫ്രാഞ്ചൈസിയാണ് ഓവൽ ഇൻവിൻസിബിൾസ്. ഓഹരി വാങ്ങൽ പൂർത്തിയാക്കുന്നതിന് നിയമപരമായ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

ഓവൽ ഇൻവിൻസിബിൾസിനെ മുംബൈ ഇന്ത്യൻസ് കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി എംഐയുടെ ഉടമയും റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം അംബാനി പറഞ്ഞു. ഓഹരി പങ്കാളിത്തം പൂർത്തിയാകുമ്പോൾ പുരുഷവനിതാ ക്രിക്കറ്റിൽ നാല് ഭൂഖണ്ഡങ്ങളിലും അഞ്ച് രാജ്യങ്ങളിലുമായി ഏഴ് ക്രിക്കറ്റ് ടീമുകളുള്ള ആഗോള ക്രിക്കറ്റ് ശക്തിയായി മുബൈ ഇന്ത്യൻസ് മാറും

# പ്രണയദിനം ആഘോഷമാക്കാൻ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി

**കൊച്ചി:** ആരാധകർക്കൊപ്പം ഇത്തവണത്തെ വാലന്റൈൻസ് ഡേ ആഘോഷമാക്കുവാൻ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും. ഫെബ്രുവരി 15 ശനിയാഴ്ച മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിനെതിരെയുള്ള മത്സരം കാണുവാനെത്തുന്ന പ്രണയിതാക്കൾക്ക് മത്സരം ആസ്വദിക്കുവാനായി എക്സ്ക്ലൂസീവ് സീറ്റിംഗ് സംവിധാനമാണ് ബ്ലാസ്റ്റേഴ്സ് ഗാലറിയിൽ തയ്യാറാക്കിയിരിക്കുന്നത്. വാലന്റൈൻസ് ഡേ തീമിൽ അണിയിച്ചൊരുക്കിയ പ്രീമിയം സീറ്റിംഗ് ഏരിയയിൽ ഇരുന്ന് മത്സരം ആസ്വദിക്കുവാനും ഫുട്ബോൾ ആവേശം നിറഞ്ഞ ഒരു സായാഹ്നം പങ്കാളിയോടൊപ്പം അവിസ്മരണീയമാക്കുന്നതിനുമുള്ള അവസരമാണ് ഇതിലൂടെ പ്രണയിതാക്കൾക്ക് ലഭിക്കുന്നത്. സെൽഫി ബൂത്തും പലതരം ഇൻഡോർ ഗെയിമുകളും വാലന്റൈൻസ് കോർണറിൽ ഒരുക്കിയിട്ടുണ്ടെന്ന് ക്ലബ്ബ് അധികൃതർ അറിയിച്ചു.

ഈ പ്രീമിയം ടിക്കറ്റുകളിൽ മത്സരം കാണാനെത്തുന്നവർക്ക് കേരള ബ്ലാസ്റ്റേഴ്സ് താരങ്ങളെ നേരിട്ട് കാണുവാനും പരിചയപ്പെടുവാനുമുള്ള അവസരവുമുണ്ട്. കൂടാതെ, തിരഞ്ഞെടുക്കപ്പെടുന്ന ഒരു കപ്പിളിന് ഫൈവ് സ്റ്റാർ ഹോട്ടലിൽ കാൻഡിൽ ലൈറ്റ് ഡിന്നറിനുള്ള അവസരവും ലഭിക്കും. പേടിഎം ഇൻസൈഡറിലൂടെ ടിക്കറ്റ് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

# പ്രണയിതാക്കളെ സ്വാഗതം ചെയ്ത് ഒ ബൈ താമര

**തിരുവനന്തപുരം:** പ്രണയദിനം അതിമനോഹരമായ ഒരു ഓർമയാക്കിത്തീർക്കുവാൻ പ്രണയിതാക്കളെ സ്വാഗതം ചെയ്ത് തിരുവനന്തപുരം ഒ ബൈ താമര. പൂൾസൈഡ് ഡൈനിംഗ്ടേക്ക് ഓഫ് (റൂഫ്ടോപ്പ് റെസ്റ്റോ ബാർ) എന്നിങ്ങനെ രണ്ട് രീതിയിലുള്ള ഡൈനിംഗ് ഓപ്ഷനുകളാണ് പ്രണയദിനം ആഘോഷിക്കുന്നതിനായി ഒ ബൈ താമര തയ്യാറാക്കിയിരിക്കുന്നത്. പൂൾസൈഡ് ഡൈനിംഗിൽ സമൃദ്ധമായ 4 കോഴ്സ് സെറ്റ് മെനുവും ഒപ്പം റെഡ് വൈൻ അല്ലെങ്കിൽ വൈറ്റ് വൈനും ആസ്വദിക്കാം. കപ്പിളിന് 4999 + രൂപയാണ് നിരക്ക്. ടേക്ക് ഓഫ് (റൂഫ്ടോപ്പ് റെസ്റ്റോ ബാർ)ൽ ക്യൂറേറ്റഡ് 4 കോഴ്സ് സെറ്റ് മെനുവും ഒപ്പം വൈനും ആസ്വദിക്കാം. കപ്പിളിന് 5999+ രൂപയാണ് നിരക്ക്. സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനായി +91 80 6555 1111 എന്ന നമ്പറിൽ ബന്ധപ്പെടാം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com